# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൂണേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി5/994/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 13/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തുണേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തുണേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുണേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി5/994/2022 തീയ്യതി: 13/06/2022

## കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-03-2021 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടിഡയരക്ടർ(ഹ.ഗ്രേ) | 31-05-2022 | 04-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 31-05-2022 | 04-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബാലകൃഷ്ണൻ കെ.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.രാജീവൻ എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജാസിർ സി.എം, ഓഡിറ്റർ
ശ്രീ.ശ്രീജിത്ത് കെ.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ആറ്റക്കോയ തങ്ങൾ | പ്രസിഡന്റ് | 01-04-2020 | 29-12-2020 |
| ശ്രീമതി.ഷാഹിന പി | ചെയർപേഴ്സൺ | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രാജശ്രീ സി.എച്ച് | സെക്രട്ടറി | 01-04-2020 | 02-07-2020 |
| ശ്രീമതി. മീന സി.കെ,അസി.സെക്രട്ടറി | സെക്രട്ടറി ഇൻചാർജ് | 03-07-2020 | 21-07-2020 |
| ശ്രീ.മോഹൻദാസ് വി.പി | സെക്രട്ടറി | 22-07-2020 | 06-02-2021 |
| ശ്രീമതി. മീന സി.കെ,അസി.സെക്രട്ടറി | സെക്രട്ടറി ഇൻചാർജ് | 07-02-2021 | 15-02-2021 |
| ശ്രീമതി.രാജശ്രീ സി.എച്ച് | സെക്രട്ടറി | 16-02-2021 | 31-03-2021 |
| ശ്രീ.ആർ. ഗോപിനാഥൻ | അസി.സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീമതി.മീന സി.കെ | അസി.സെക്രട്ടറി | 16-06-2020 | 28-02-2021 |
| ശ്രീ.എൻ. മനോജൻ | അസി.സെക്രട്ടറി | 01-03-2021 | 31-03-2021 |
| ശ്രീമതി.സൗമ്യവതി എൻ കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ.അബ്ദുൾസലാം എസ് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി.രഞ്ജുഷ സി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 20-10-2020 |
| ശ്രീ.സുശാന്ത് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 21-10-2020 | 30-11-2020 |
| ശ്രീ. സജിത് വി.പി | മെഡിക്കൽ | 01-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ(ആയുർവേദം) | | |
| ശ്രീ.ദയാകലൻ പി.എം | വി.ഇ.ഒ | 01-04-2020 | 22-10-2020 |
| ശ്രീ.മഹേഷ് കെ.കെ | വി.ഇ.ഒ | 23-10-2020 | 31-03-2021 |
| ശ്രീ.ബിജിത്കുമാർ | വി.ഇ.ഒ | 01-04-2020 | 22-10-2020 |
| ശ്രീ.അപർണ എം.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.മൊയ്തു പി.സി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.വി.കെ.ഇബ്രായി | കൃഷി ഓഫീസർ | 01-04-2020 | 31-12-2020 |
| ശ്രീമതി ശ്രീജ പി | കൃഷി ഓഫീസർ | 01-01-2021 | 31-03-2021 |
| ശ്രീമതി ഡിൽന ഡി.എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശരതി | വെറ്ററിനറി **സർജൻ** | 01-04-2020 | 04-02-2021 |
| ശ്രീ.മുസ്തഫ കെ.ടി | വെറ്ററിനറി സർജൻ | 05-02-2021 | 31-03-2021 |
| ശ്രീ.അനുപമ സുഗതൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. മുഹമ്മദ് റോഷൻ | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Gireeshan Parappoyil (Audit Officer (HG), On 07-06-2022)<br>Last Updated By: Vasudevan M (Deputy Director, On 09-06-2022) | 1-1 |
| 2 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jasir C M (Auditor, On 05-06-2022)<br>Last Updated By: Vasudevan M (Deputy Director, On 09-06-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Jasir C M (Auditor, On 05-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-4 |
| 5 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Balakrishnan K.M (Audit Officer (HG), On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 09-06-2022) | 1-5 |
| 6 | വാർഷിക കണക്കുകളുടെ അപാകതകൾ<br>Written By: Srijith K.V (Auditor, On 07-06-2022)<br>Last Updated By: Vasudevan M (Deputy Director, On 09-06-2022) | 1-6 |
| 7 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ<br>Written By: Jasir C M (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 1-7 |
| 8 | തൊഴിൽ നികുതി -അപാകതകൾ<br>Written By: Jasir C M (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 1-8 |
| 9 | വസ്തു നികുതി -അപാകതകൾ<br>Written By: Jasir C M (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 1-9 |
| 10 | ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം സംഭവിക്കുന്നു<br>Written By: Jasir C M (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 1-10 |
| 11 | വസ്തു നികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിൽ രൂപമാറ്റം വരുത്തുന്നു<br>Written By: Jasir C M (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 1-11 |
| 12 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല.<br>Written By: Jasir C M (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-12 |
| 13 | മരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും വിവിധ നികുതികൾ ഈടാക്കിയതിൽ കുറവ് വന്നു<br>Written By: Srijith K.V (Auditor, On 07-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-13 |
| 14 | ടെണ്ടറിൽ മത്സരക്ഷമതയില്ല<br>Written By: Srijith K.V (Auditor, On 07-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 1-14 |
| 15 | എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 1-15 |
| 16 | അഗതി ആശ്രയ പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ | 1-16 |

| | | |
|---|---|---|
| | ലഭിച്ചു എന്ന് ഉറപ്പുവരുത്തിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | |
| 17 | കമ്പ്യൂട്ടറുകൾക്ക് എ.എം.സി കരാർ - അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-17 |
| 18 | വയോജനങ്ങൾ, വനിതകൾ പ്രാദേശിക സാമ്പത്തിക വികസനം എന്നീ മേഖലകളിൽ പദ്ധതികളാവിഷ്കരിച്ചില്ല<br>Written By: N. Rajeevan (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 1-18 |
| 19 | പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല<br>Written By: N. Rajeevan (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 1-19 |
| 20 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, റിപ്പയർ എന്നീ പദ്ധതികളിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 1-20 |
| 21 | ഹരിത കർമ്മ സേനയുടെ പ്രവർത്തനം - യൂസർ ഫീ അടയ്ക്കുന്നതിൽ വീഴ്ച<br>Written By: Jasir C M (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 1-21 |
| 22 | റോഡ് ടാറിംഗ്- കൂടുതൽ ഗുണമുള്ളതും ചെലവ് കുറഞ്ഞതുമായ ഇനം തെരെഞ്ഞെടുത്തില്ല<br>Written By: Srijith K.V (Auditor, On 07-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 1-22 |
| 23 | മുൻകൂർ ക്രമപ്പെടുത്തിയില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 1-23 |
| 24 | ജി.എം.എൽ.പി സ്കൂൾ കണ്ണൂക്കൈ - അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 04-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 10-06-2022) | 1-24 |
| 25 | എസ്.എസ്.കെ വിഹിതം ഒടുക്കിയതിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 04-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 10-06-2022) | 1-25 |
| 26 | ലാപ്ടോപ്,പ്രിന്റർ എന്നിവ ലഭിച്ചില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 1-26 |
| 27 | അങ്കണവാടി പൂരകപോഷകാഹാരം വിതരണം -മോണിറ്ററിംങ് ഫലപ്രദമല്ല.<br>Written By: Jasir C M (Auditor, On 04-06-2022)<br>Last Updated By: Jasir C M (Auditor, On 04-06-2022) | 1-27 |
| 28 | മരാമത്ത് പ്രവൃത്തികൾക്ക് കരാർ വയ്ക്കുന്നത് -നിബന്ധനകൾ കാലഹരണപ്പെട്ടത്<br>Written By: Srijith K.V (Auditor, On 07-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 10-06-2022) | 1-28 |
| 29 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 04-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 10-06-2022) | 1-29 |
| 30 | അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങളില്ല<br>Written By: Jasir C M (Auditor, On 04-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 10-06-2022) | 1-30 |
| 31 | എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണം -പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാകുന്നതെങ്ങിനെയെന്ന് വ്യക്തമല്ല.<br>Written By: Srijith K.V (Auditor, On 07-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 10-06-2022) | 1-31 |

| | | |
|---|---|---|
| 32 | വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 04-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 10-06-2022) | 1-32 |
| 33 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.<br>Written By: Jasir C M (Auditor, On 04-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 10-06-2022) | 1-33 |
| 34 | റോഡ് മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ നിർമ്മിതിക്ക് വിനിയോഗിച്ചു<br>Written By: Srijith K.V (Auditor, On 07-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 10-06-2022) | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jasir C M (Auditor, On 02-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 10-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 02-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 10-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jasir C M (Auditor, On 02-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 02-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 10-06-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jasir C M (Auditor, On 03-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 10-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Jasir C M (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 4-6. |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasir C M (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jasir C M (Auditor, On 02-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 10-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jasir C M (Auditor, On 02-06-2022)<br>Last Updated By: SunilKumar K.V (Senior Deputy Director, On 10-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jasir C M (Auditor, On 05-06-2022)<br>Last Updated By: Vasudevan M (Deputy Director, On 10-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jasir C M (Auditor, On 02-06-2022)<br>Last Updated By: Vasudevan M (Deputy Director, On 13-06-2022) | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് 25.3 20ലെ 54/20നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 33,75,462.55 |
| വരവ് | 26,98,98,800.00 |
| ആകെ | 27,32,74,262.55 |
| ചെലവ് | 27,16,88,434.00 |
| നീക്കിയിരിപ്പ് | 15,85,828.55 |

പരമാവധി കുറ്റമറ്റ രീതിയിൽ ബജറ്റ് തയ്യാറാക്കിയെങ്കിലും NREGS പദ്ധതിക്കുള്ള ബജറ്റ് പ്രൊവിഷനും ആക്ഷൻ പ്ലാനും പൊരുത്തപ്പെടുന്നില്ലെന്ന് കാണുന്നു. 12 കോടി രൂപയുടെ ആക്ഷൻ പ്ലാനാണ് സ്ഥാപനം അംഗീകരിച്ചിരുന്നതെങ്കിലും പദ്ധതിക്കായി 12.15 കോടി രൂപയുടെ പ്രൊവിഷൻ ബജറ്റിലുണ്ടായിട്ടുണ്ട്. 15 ലക്ഷം രൂപ വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിച്ചിട്ടില്ലെന്ന് കാണാം. കൂടാതെ ഭരണസമിതി അംഗീകരിച്ച ഓഡിറ്റ് വർഷത്തെ ആദ്യത്തെ വാർഷിക പദ്ധതി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതുകൊണ്ട് വാർഷിക പദ്ധതി വകയിരുത്തൽ ബജറ്റ് പ്രൊവിഷന് അനുസൃതമാണോയെന്ന് പരിശോധിക്കാനായിട്ടില്ല. ഇക്കാര്യങ്ങളിൽ വിശദീകരണം നല്കേണ്ടതാണ്.

### 1-2 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 61097503.25 |
| വരവ് | 4690016.00 |
| ആകെ | 65787519.25 |
| ചെലവ് | 53485165.00 |
| നീക്കിയിരിപ്പ് | 12302354.25 |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 9524590 | 9524590 | 7935202 | 1589388 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 957321 | 957321 | 954000 | 3321 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (CFC-TIED) | 0 | 4550000 | 4550000 | 1672231 | 2877769 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (CFC-UNTIED) | 0 | 12307397 | 12307397 | 8353089 | 3954308 |
| മെയിന്റനൻസ്, റോഡ് | 0 | 9979000 | 9979000 | 9979000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3456681 | 3456681 | 3456681 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 615720 | 1222201 | 1837921 | 600000 | 1777921 |
| എസ്.എസ്സ്.എ | 63212 | 3161 | 66373 | 0 | 66373 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വ മിഷൻ ഫണ്ട് | 1281586 | 2128017 | 3409603 | 350978 | 3058625 |

ഗ്രാന്റ് വിനിയോഗ പത്രിക

2020-21 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം. തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കോഷനും സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകളുടെയും അവ നടപ്പാക്കിയതിന്റെയും വിവരം താഴെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് |
|---|---|---|---|
| 172 | 60298265 | 139 | 40626419 |

60298265 രൂപയുടെ വാർഷിക അടങ്കലിൽ നിന്നും 40626419 രൂപയാണ് വാർഷിക പദ്ധതിക്കായി വിനിയോഗിച്ചിട്ടുള്ളത്. വികസനഫണ്ട് ,ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലായി 8424786 രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | ചെലവ് | ചെലവഴിക്കാത്ത തുക | ചെലവ് % |
|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 9524590 | 7935202 | 1589388 | 83.31 |

| | | | | |
|---|---|---|---|---|
| എസ്.സി.പി | 957321 | 954000 | 3321 | 99.65 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 16857397 | 10025320 | 6832077 | 59.47 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 3456681 | 3456681 | 0 | 100 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ് ) | 9979000 | 9979000 | 0 | 100 |
| ആകെ | 40774989 | 32350203 | 8424786 | |

ആസൂത്രണം നടത്തി അംഗീകാരം വാങ്ങിയ പദ്ധതികൾ നിർവ്വഹിക്കാത്തതും, നിർവ്വഹിച്ച പദ്ധതികളുടെ കാര്യത്തിൽ വകയിരുത്തിയ തുക പരമാവധി വിനിയോഗിക്കാത്തതുമാണ് ഗ്രാന്റ് നഷ്ടപ്പെടാൻ കാരണം. സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണമാണ്. വിവിധ മേഖലകളിൽ സ്ഥാപനം അടിസ്ഥാന വിവരങ്ങൾ തയ്യാറാക്കാതെയാണ് പ്രൊജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത്. വയോജനങ്ങൾക്കും വനിതകൾക്കും പ്രൊജക്ടുകളിൽ തുക വകയിരുത്തിയിട്ടില്ല. പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് ചെയ്യപ്പെടുന്നില്ല.

## 1-5 ആഭ്യന്തരനിയന്ത്രണ സംവിധാനം

ജീവനക്കാരുടെ ജോലി വിഭജനം രേഖപ്പെടുത്തിയ വിശദമായ ഓഫീസ് ഉത്തരവ് നിലവിലുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്റർ പൂർണമല്ല. രജിസ്റ്ററിൽ ക്രമ നമ്പർ രേഖപ്പെടുത്താത്തതിനാൽ ആകെ എത്ര വാണിജ്യ സ്ഥാപനങ്ങളുണ്ടെന്ന് വ്യക്തമല്ല. പെൻഷൻ അപേക്ഷ രജിസ്റ്റർ,വിവരാവകാശ രജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ എന്നിവ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് ആവശ്യമായ ഡാറ്റകൾ ഉൾപ്പെടുത്തി സമഗ്രമായല്ല തയ്യാറാക്കിയിരിക്കുന്നത്. വിവരാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷകളും നൽകിയ മറുപടികളും പരിശോധിച്ചതിൽ ലൈസൻസ് എടുക്കാതെ വ്യാപാരം നടത്തുന്ന ധാരാളം സ്ഥാപനങ്ങളുള്ളതായും അനധികൃത നിർമാണം നടത്തിയ കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി നിശ്ചിത ഫീസ് ഈടാക്കാത്ത കേസുകൾ ഉള്ളതായും കാണുന്നു. സ്ത്രീകളുടെയും വയോധികരുടെയും ഉന്നമനത്തിന് ആവശ്യമായ പ്രൊജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. 2010-11മുതലുള്ള മുൻകുറുകൾ ക്രമപ്പെടുത്താൻ അവശേഷിക്കുന്നതായി കാണുന്നു.

## 1-6 വാർഷിക കണക്കുകളുടെ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ,സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല. മറിച്ച് ചെലവ് നടത്തപ്പെടുന്ന സമയത്ത് മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തൽ വരുത്തുന്നത്. തൻ വർഷം പ്രവൃത്തി പൂർത്തീകരിച്ച് ആസ്തി ആർജ്ജിക്കപ്പെട്ടതും ക്യൂ ബിൽ ആയതിനാൽ അടുത്ത സാമ്പത്തിക വർഷം തുക നൽകാനുള്ളതുമായ ചെലവുകൾ വാർഷിക കണക്കിൽ ആസ്തി /ബാധ്യതാ പത്രികകളിൽ ഉൾകൊള്ളിക്കുന്നില്ല.
2. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ (റോഡുകൾ ) ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതിയുടെ ഭാഗമായി പ്രവൃത്തികൾ നടത്തുന്നതിനായി താത്കാലികമായി വിട്ടു നൽകുകയും

പ്രവൃത്തി പൂർത്തീകരിച്ച് തിരികെ ലഭിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ ആസ്തികളുടെ മൂല്യത്തിലുള്ള വ്യതിയാനം സ്ഥാപനത്തിന്റെ കണക്കുകളിൽ പ്രതിഫലിക്കുന്നില്ല .

3. അഡ്വാൻസ് രജിസ്റ്റര് കാലികമാക്കിയിട്ടില്ല. മുൻ ബാക്കിയായി രേഖപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

4. ഡിപ്രീസിയേഷൻ പ്രിയർ പിരീഡ് ഇൻകം ആയി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കാരണം വ്യക്തമാക്കുകയോ വർക് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

5. വാർഷിക കണക്കിലെ ഇൻകം& എക്സ്പെൻഡിച്ചറിലെ I-6 ഷെഡ്യൂൾ പ്രകാരം തൊഴിലുറപ്പ് പദ്ധതി ഭരണേതര ചെലവുകൾക്കുള്ള വരവായി രേഖപ്പെടുത്തിയിട്ടുള്ളത് 64359271 രൂപയാണ്. എന്നാൽ ചാർട്ടേഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ കണക്ക് പ്രകാരം ഇത് 63872513 രൂപ മാത്രമാണ്. വിത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

6. വാർഷിക കണക്ക് പ്രകാരം സ്ഥാപനത്തിന് 10000 രൂപ ഇൻവെസ്റ്റ്മെന്റ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രേഖകളോ രജിസ്റ്ററോ സ്ഥാപനം ലഭ്യമാക്കിയിട്ടില്ല.

7. ചെലവുകൾ തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്യുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. ഉദാ- 220800199 അദർ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് എന്ന ശീർഷകത്തിൽ ഓപ്പറേഷൻസ് & മെയിന്റനൻസ് ശീർഷകം ബാധകമായ ചെലവുകൾ ബുക്ക് ചെയ്തിരിക്കുന്നു. ഇത് മൂലം വാർഷിക കണക്ക് തെറ്റായി പ്രതിഫലിക്കപ്പെടുന്നു.

8. ട്രേഡേഴ്സിന്റെ തൊഴിൽ നികുതി രജിസ്റ്ററും വാർഷിക കണക്കിലെ രേഖപ്പെടുത്തലുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

9. വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡിച്ചറിലെ I-6 ഷെഡ്യൂൾ പ്രകാരമുള്ള എസ്.സി.പി, സി.എഫ്.സി ഗ്രാന്റുകളുടെ വരവ് തുക എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

10. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട റേഷ്യോസ്, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലെ താരതമ്യ തുകകളും അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ഡിപ്രീസിയേഷൻ നിരക്ക് സംബന്ധിച്ച വർക്ക്ഷീറ്റ് എന്നിവയും തയ്യാറാക്കിയിട്ടില്ല.

11. ലോൺ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി കാലികമാക്കിയിട്ടില്ല.

12. 3 വർഷ കാലപരിധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. ഉദാ- Suppliers EMD, Other Deposits മുതലായവ.

13. വാർഷിക കണക്കിലെ ബി9 സ്റ്റേറ്റ്മെന്റ് പ്രകാരം വാറ്റ് ഉൾപ്പെടെയുള്ള ബാധ്യതകൾ തിരിച്ചടക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

14. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ- വാഹനം, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ.

അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-7 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

### ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2021 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1205 (20 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ

ഉണ്ടായിരിക്കെ 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 305 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഇത് കാരണം പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാണിജ്യ-വ്യാവസായികാവശ്യത്തിന് നമ്പർ നിർണ്ണയിച്ചിട്ടുള്ള 1205 ഡിമാന്റുകൾ ഉണ്ടെന്നിരിക്കെ 415 (20 വേക്കൻസി റെമിഷൻ) ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും അപാകത പരിഹരിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്ഥാപനം കൈക്കൊണ്ടതായി കാണുന്നില്ല.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് അപൂർണ്ണം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇത് കാരണം ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ലഭ്യമല്ല.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-8 തൊഴിൽ നികുതി -അപാകതകൾ

1).തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി, ചട്ടം13 എന്നിവ കാണുക)
2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.
3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2 ൽ സൂചിപ്പിച്ച ഫോറം 2 ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. (ക്രമ നമ്പർ ഒന്നുപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നൽകേണ്ട നോട്ടീസിന്റേയോ ഉടമസ്ഥൻ വിവരം ലഭ്യമാക്കേണ്ട ഫോറത്തിന്റേയോ മാതൃക/ഫോറം തൊഴിൽ നികുതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും നിയമപ്രകാരവും ചട്ടപ്രകാരവുമുള്ള വരുമാനമാർഗ്ഗം ഉപയോഗപ്പെടുത്താൻ സ്ഥാപനം ഫോറങ്ങൾ നിശ്ചയിച്ച് ഉപയോഗപ്പെടുത്തുകയോ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുകയോ ചെയ്യേണ്ടതായിരുന്നു.) ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനില്ക്കുന്നു.

എ) സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം 1205 കെട്ടിടങ്ങൾ വാണിജ്യപരമായ

ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ് (20 വേക്കൻസി റെമിഷൻ) അനുവദിച്ചിട്ടുണ്ട്. 1185 കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് അനുമാനിക്കാവുന്നതാണ്. ട്രേഡ്ഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എത്ര സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് എന്നതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ബി) ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്നത് വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. വേക്കൻസി റമിഷൻ കഴിഞ്ഞ് 1205 കെട്ടിടങ്ങൾ ഉണ്ടെന്നുള്ളതിനാൽ പരാമവധി അത്രയും ഡിമാന്റുകൾ കൂടി തൊഴിൽ നികുതിയുടെ കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

സി) വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന മുഴുവൻ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല എന്നത് ലൈസൻസ് സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

ഡി) ട്രെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.
2. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്. മേൽ നടപടിക്രമങ്ങൾക്ക് നിശ്ചിത ഫോറങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിലില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും, അതുവരെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ഫോറം ഒന്നും, രണ്ടും ആവശ്യമായ മാറ്റങ്ങളോടെ സ്വീകരിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.

3. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
4. ട്രേഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.
5. മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 1-9 വസ്തു നികുതി -അപാകതകൾ

### 1.വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ നഷ്ടം

ളുണേരി ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകൾ , സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(1) ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപ നിരക്കിലും 200 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 70 രൂപ നിരക്കിലുമാണ് ഭരണസമിതി തീരുമാനപ്രകാരം നികുതി നിശ്ചയിച്ചിരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ താഴെ പറയുന്ന ക്രമ നം 1 മുതൽ 12 വരെ യുള്ള ഘടകങ്ങളിൽ രണ്ടോ അതിലധികമോ ഘടകങ്ങൾ ഒരേ സമയം ബാധകമാവുകയാണെങ്കിലോ ക്രമ നം 13, 14 എന്നിവയിൽ പാരാമർശിച്ച ഏതെങ്കിലുമൊരു ഘടകം ബാധകമാവുകയാണെങ്കിലോ പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിനു ബാധകമാവുന്ന രീതിയിൽ വസ്തു നികുതി നിർണയിക്കണമെന്നു നിഷ്കർഷിക്കുന്നുണ്ട്.

| | | |
|---|---|---|
| 1. | കെട്ടിടത്തിന്റെ വിവിധഭാഗങ്ങൾ വിവിധ മേഖലകളിലായാൽ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 7, ഉപ വകുപ്പ് 9) |
| 2. | വഴിസൗകര്യത്തിന്റെ ലഭ്യത | |
| 3. | മേൽക്കൂരയുടെ നിർമിതി | |
| 4. | കെട്ടിടത്തിന്റെ കാലപ്പഴക്കം | |
| 5. | തറയുടെ നിർമിതി | |
| 6. | എയർകണ്ടീഷനിംഗ് സൗകര്യം | |
| താഴെ പറയുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ | | |

| | | |
|---|---|---|
| 7. | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 2, ഉപ വകുപ്പ് 9),2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5),4(1)) |
| | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 8. | വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ | |
| 9. | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ | |
| 10. | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 11. | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ | |
| 12. | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം | |
| 13. | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയാണെങ്കിൽ | 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) |
| 14 | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ പ്രത്യേകം കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലോ | |

മേൽ പരാമർശിക്കാത്ത കാരണങ്ങളാൽ ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് ഗ്രാമപഞ്ചായത്തിൽ നികുതി നിർണയിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമ | കെട്ടിട നം | കെട്ടിട നം/പ്ലിന്ത് ഏരിയ | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | നഷ്ടം |
|---|---|---|---|---|---|---|
| 1 | ശ്രീമതി.നഫീസ. കേളോത്ത് | 5/57A, 5/57B | ഗ്രൌണ്ട് ഫ്ലോർ-152.2 M2 ഗ്രൌണ്ട് ഫ്ലോർ-136.24 M2 ആകെ വിസ്തീർണ്ണം- 288.44 M2 | ചതുരശ്രമീറ്ററിന് 60 /- നിരക്കിൽ- 20767/- (വർദ്ധനവ്- 20%=3461/-, ഇളവുകൾ-0%) | ചതുരശ്രമീറ്ററിന് 70 /- നിരക്കിൽ -24228/- (വർദ്ധനവ്- 20%=3461/-) ഇളവുകൾ-0%) | 3460/- |
| 2 | ശ്രീ.സുകുമാരൻ വട്ടക്കണ്ടിയിൽ | 7/123A-123F വരെ(123B ഒഴികെ) | കെട്ടിട നം-535B ഒന്നാം | ചതുരശ്രമീറ്ററിന് 40/- രൂപ നിരക്കിൽ- | ചതുരശ്രമീറ്ററിന് 60/- നിരക്കിൽ | 2919/- |

| | | | | | | |
|---|---|---|---|---|---|---|
| | | | നില-121.63 $M^2$ | 5838/- (വർദ്ധനവ്-20%=973/-, ഇളവുകൾ-0%) | -8757/- (വർദ്ധനവ്-20%=1459/-) ഇളവുകൾ-0%) | |

അപാകതകൾ പരിഹരിക്കുന്നതിന് വാണിജ്യാവശ്യത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും നമ്പർ അനുവദിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ ശേഖരിച്ച് നികുതി നിർണ്ണയത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ നികുതി പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2-ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിച്ചിട്ടില്ല.

സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം തൂണേരി ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിനുള്ള 7353 കെട്ടിടങ്ങളും വാണിജ്യാവശ്യത്തിനുള്ള 1247 കെട്ടിടങ്ങളുമാണുള്ളത്. ഗ്രാമപഞ്ചായത്തിലെ ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി നികുതി പുനർണ്ണയിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് കാരണം വസ്തു നികുതി ഇനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ വാർഡ് തലത്തിൽ ഫീൽഡ് അന്വേഷണം നടത്തി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

1-10 ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം സംഭവിക്കുന്നു

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് നികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ലോഡ്ജുകൾക്ക് 30/- രൂപയാണ് പഞ്ചായത്ത് പരിധിയിൽ നികുതി നിശ്ചയിച്ചിരിക്കുന്നത്. തൻവർഷത്തെ ന്യൂ ബിൽഡിങ് രജിസ്റ്റർ, സഞ്ചയ പ്രകാരമുള്ള വസ്തു നികുതി പത്രിക (ഫോറം-6) എന്നിവ പരിശോധിച്ചപ്പോൾ, താഴെ പറയുന്ന ക്വാർട്ടേഴ്സ്/ ലോഡ്ജിംഗ് ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക്, പാർപ്പിടാവശ്യങ്ങൾക്ക് നിർണ്ണയിച്ചിട്ടുള്ള നികുതിയാണ് കണക്കാക്കിയിട്ടുള്ളത് എന്നു കാണുന്നു. നികുതിദായകൻ സ്വന്തം ആവശ്യത്തിന് പാർപ്പിടമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് മാത്രമേ പാർപ്പിടാവശ്യത്തിനുള്ള നികുതി നിരക്ക് കണക്കാക്കാൻ നിർവ്വാഹമുള്ളൂ. ക്വാർട്ടേഴ്സ് ആയതിനാൽ അവയ്ക്ക് ലോഡ്ജിന്റെ നിരക്കിലായിരുന്നു നികുതി കണക്കാക്കേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ/കെട്ടിടമുടമയുടെ പേരും വിലാസവും(സഞ്ചയ പ്രകാരം) | നിർണ്ണയിച്ച നികുതി നിരക്ക് | ബാധകമാക്കാവുന്ന നികുതി നിരക്ക് |
|---|---|---|
| 8/333A മുതൽ 8/333D വരെ<br>ശ്രീ.കരുണാകരൻ.എം,<br>ഷോണിമ ഭവൻ, വെള്ളൂർ 673586 | 4 | 30 |

പഞ്ചായത്ത് പരിധിയിലുള്ള ഇത്തരം കെട്ടിടങ്ങളിൽ നിന്നും കൂടിയ നിരക്കിൽ നികുതി ഈടാക്കി വരുമാന വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കുമായിരുന്നു. തനത് വരുമാനം നഷ്ടമാക്കുന്ന ഈ നടപടിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ഇടപെടലും തുടർനടപടികളും പ്രതീക്ഷിക്കുന്നു. മേൽ കെട്ടിടങ്ങളുടേയും ഇതേ രീതിയിലുള്ള മറ്റ് കെട്ടിടങ്ങളുടേയും നികുതി നിർണ്ണയം പുനപരിശോധിച്ച് നികുതി വർദ്ധന ഉറപ്പാക്കേണ്ടതാണ്. നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 വസ്തു നികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിൽ രൂപമാറ്റം വരുത്തുന്നു

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ വാണിജ്യാവശ്യത്തിന് നമ്പർ അനുവദിച്ച കെട്ടിടങ്ങളിൽ 03.06.2022 ന് എൽ.എസ്.ജി.ഡി ഓവർസിയറുടെ സാന്നിധ്യത്തിൽ നേരിട്ട് പരിശോധിച്ചതിൽ കെട്ടിട നമ്പർ അനുവദിച്ചതിന് ശേഷം കെട്ടിടങ്ങളിൽ വലിയ തോതിൽ രൂപമാറ്റം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1) കെട്ടിട നമ്പർ 5/57A-57B (ഫയൽ നം-എ3-3493/20തി-16.09.2020) കെട്ടിട നമ്പരുകളിലുള്ള ശ്രീമതി.നഫീസ കേളോത്ത് കൊയിലോത്ത് എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ച് പൊതുവഴിയിലൂടെയുള്ള വാഹന ഗതാഗതം തടസ്സപ്പെടുത്തുന്നരീതിയിൽ ഇരുമ്പ് ഷീറ്റ് സ്ഥാപിച്ചതായി കാണപ്പെട്ടു.

കെട്ടിടത്തിന്റെ ആകെ പ്ലിന്ത് വിസ്തീർണ്ണം-288.44 M2

2) ശ്രീ.സുരേഷ് ബാബു, പാനോളി എന്നയാളിന്റെ ഉടമസ്ഥതയിലുള്ള 9/350A മുതൽ 9/350F കെട്ടിടനമ്പരുകളിലുള്ള കെട്ടിടം (എ3-206/2020തി-15.01.2020)കംപ്ലീഷൻ പ്ലാനിൽ നിന്നും പൂർണ്ണമായി രൂപമാറ്റം വരുത്തിയ അവസ്ഥയിലാണ് നിലവിൽ ഉള്ളത്. പാർക്കിംഗ് സ്ഥലത്തിലേയ്ക്കുള്ള പ്രവേശനമാർഗ്ഗം പൂർണ്ണമായും കടമുറിയോട് ചേർത്ത് നിർമ്മാണം നടത്തി. കൂടാതെ കെട്ടിടത്തിലേയ്ക്കുള്ള പ്രവേശനമാർഗ്ഗം നിലവിൽ അനധികൃതമായി കടമുറി നിർമ്മിച്ചു. കെട്ടിടത്തിന്റെ മുകൾ നിലയിൽ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. ആയതിന് പെർമിറ്റ് എടുത്തിട്ടില്ല.

കെട്ടിടത്തിന്റെ ആകെ പ്ലിന്ത് വിസ്തീർണ്ണം-138.72 M2

3) ശ്രീ.ഖാലിദ് കണ്ടോത്ത്,മുടവന്തേരി എന്നയാളിന്റെ ഉടമസ്ഥതയിലുള്ള 1/316A മുതൽ 1/316C വരെയുള്ള കെട്ടിടം കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ച് പൂർണ്ണമായും രൂപമാറ്റം വരുത്തി. പാർക്കിംഗ് ഭാഗം കടമുറിയോട് കൂട്ടിച്ചേർത്ത് നിർമ്മാണം നടത്തി. കൂടാതെ ടോയ്‌ലറ്റ് പൊളിച്ച് നീക്കി ഇരുമ്പ് ഷീറ്റ് ഉപയോഗിച്ച് അധിക നിർമ്മാണം നടത്തുകയും ചെയ്തിട്ടുണ്ട്.

കെട്ടിടത്തിന്റെ ആകെ പ്ലിന്ത് വിസ്തീർണ്ണം-117.28 M2

നിയമാനുസൃതം കെട്ടിടനമ്പർ അനുവദിച്ച് കിട്ടിയതിന് ശേഷം കെട്ടിടത്തിന്റെ വിസ്തീർണ്ണം, പാർക്കിംഗ് സ്ഥലം എന്നിവയിൽ രൂപ മാറ്റം വരുത്തുന്നതിലൂടെ കെട്ടിടം അനധികൃത നിർമ്മാണത്തിന്റെ ഗണത്തിൽ ഉൾപ്പെടുന്നു. മുകളിൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് അനധികൃതമായി നിർമ്മിച്ച ഭാഗങ്ങൾക്ക്

U/A നമ്പർ നൽകി അധിക നികുതി ഈടാക്കേണ്ടതാണ്.

1-12 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല.

പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ ആകെ വന്ന 256 കെട്ടിട നിർമ്മാണ പെർമിറ്റ് /ക്രമവൽക്കരണ അപേക്ഷകളിൽ 69 അപേക്ഷകൾ ക്രമവൽക്കരണത്തിനായി വന്നവയാണ്. പഞ്ചായത്തിൽ 2020-21 വർഷം വാർഷിക കണക്ക് പ്രകാരം പെർമിറ്റ് ഫീ വന്നിരിക്കുന്നത് 110051/-രൂപയും ക്രമവൽക്കരണ ഫീ 267527/-രൂപയുമാണ്. ഗ്രാമപഞ്ചായത്തിൽ വലിയ തോതിൽ അനധികൃത നിർമ്മാണം നടക്കുന്നതായി ഇതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. കെട്ടിട നിർമ്മാണം അനുമതി വാങ്ങാതെ നിർവ്വഹിച്ച് പണി പൂർത്തിയായ ശേഷം ക്രമവൽക്കരണ അപേക്ഷ സമർപ്പിക്കുകയും ചെയ്തു വരുന്ന പ്രവണത പഞ്ചായത്തിൽ കാണുന്നു. എന്നാൽ ഇത്തരം അനധികൃത നിർമ്മാണങ്ങളുടെ അപേക്ഷ നിരസിച്ച് ചട്ടപ്രകാരമുള്ള തുടർ നടപടി സ്വീകരിക്കേണ്ടിയിരുന്നതും അവയെ അനധികൃത കെട്ടിട നിർമ്മാണമായി കണക്കാക്കി യു.എ നമ്പർ നൽകി മൂന്നിരട്ടി വസ്തുനികുതി ഈടാക്കേണ്ടതുമായിരുന്നു. എന്നാൽ ഇത്തരം നടപടികളൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ക്രമവൽക്കരണ അപേക്ഷകളിൽ ന്യൂനതകൾ ഉള്ളതിനാൽ 36 അപേക്ഷകൾ നിരസിച്ചുവെങ്കിലും ഇവയൊന്നും തന്നെ അനധികൃത കെട്ടിടമായി കണക്കാക്കി അനധികൃത നിർമ്മാണ രജിസ്റ്ററിൽ ഇതുസംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്നില്ല. ഇത്തരം അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കുന്നതിനായി പഞ്ചായത്തിൽ നാളിതുവരെ ഒരു പരിശോധനാ സംവിധാനം ഒരുക്കിയിട്ടില്ല. വിശദമായി ജോലി വിഭജനം നടത്തി ഫീൽഡ് പരിശോധനാ ഉത്തരവാദിത്വങ്ങൾ വിഭജിച്ചു നൽകിയിട്ടില്ല. വാർഡ് ക്ലാർക്കുമാർ ഒരു അനധികൃത നിർമ്മാണം പോലും സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-13 മരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും വിവിധ നികുതികൾ ഈടാക്കിയതിൽ കുറവ് വന്നു

നിർവ്വഹണം -അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി,ആദായനികുതി എന്നിവ പിരിച്ചെടുത്തതിൽ കുറവ് വന്നിട്ടുണ്ട്. 12% ജി എസ് ടി ഉൾപ്പടെയുള്ള ആകെ പ്രവൃത്തിമൂല്യത്തെ അടിസ്ഥാനപ്പെടുത്തിയാണ് നികുതി ന്ശ്ചയിക്കേണ്ടത് എന്നിരിക്കെ ജി എസ് ടി ഒഴികെയുള്ള പ്രവൃത്തി മൂല്യത്തിനാണ് നികുതി നിശ്ചയിച്ച് ഈടാക്കിയിരിക്കുന്നത്. ആകെ 32779171/-രൂപ വിവിധ നിർമ്മാണപ്രവൃത്തികൾ തൻ വർഷം വിനിയോഗിച്ചിരിക്കയാൽ താഴ കൊടുത്ത പ്രകാരം ഇരു നികുതികളിലുമായി ആകെ 70242/- രൂപ കേന്ദ്ര, സർക്കാരുകൾക്ക് നഷ്ടമായിട്ടുണ്ട്.

| | |
|---|---|
| വിവിധ പ്രവൃത്തികളുടെ ആകെ ചെലവ് | 32779171/-രൂപ |
| ഈടാക്കേണ്ട നികുതി- ക്ഷേമനിധി 1% നിരക്കിൽ | 327792 |
| ആദായനികുതി 1% നിരക്കിൽ | 327792 |
| ജി എസ് ടി ഒഴികെയുള്ള പ്രവൃത്തിമൂല്യം | 32779171 X100/112= 29267117 |
| ഈടാക്കിയ നികുതി -ക്ഷേമനിധി | 292671 |
| ആദായനികുതി | 292671 |

| | |
|---|---|
| നികുതിയിൽ കുറവ് വന്നത്- ക്ഷേമനിധി | 35121(327792- 292671) |
| ആദായനികുതി | 35121(327792- 292671) |
| ആകെ | 70242 |

നികുതികൾ ഈടാക്കിയതിൽ വന്ന അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

1-14 ടെണ്ടറിൽ മത്സരക്ഷമതയില്ല

ഓഡിറ്റ് വർഷത്തെ 29 പുതിയ പ്രൊജക്ടുകളും കരാറുകാർക്ക് ഏല്പിച്ച് കൊടുത്തിട്ടുണ്ട് വളരെ ചുരുങ്ങിയ പ്രൊജക്ടുകൾ ടെണ്ടർ ഏറ്റെടുക്കാൻ ആളില്ലാത്തതിനാൽ ക്വട്ടേഷൻ മുഖേന ഏല്പിച്ചെങ്കിലും ( രജിസ്റ്ററിൽ നിന്നും ഇക്കാര്യം വ്യക്തമാകുന്നു.) മറ്റുള്ളവയെല്ലാം ടെണ്ടർ നടപടികളിലൂടെയാണ് കൈമാറിയിരിക്കുന്നത്. എല്ലാ ടെണ്ടറുകളിലും രണ്ട് കരാറുകാർ മാത്രമാണ് പങ്കെടുത്തിരിക്കുന്നതെന്നും, ഇതിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിലും മറ്റെയാൾ എസ്റ്റിമേറ്റിനേക്കാൾ കൂടിയ നിരക്കിലുമാണ് തുക ക്വോട്ട് ചെയ്തതെന്നും ടെണ്ടർ രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. എസ്റ്റിമേറ്റിനേക്കാൾ കൂടിയ നിരക്കിൽ, പ്രത്യക ഉത്തരവ് ഉള്ള സാഹചര്യത്തിലോഴികെ, പ്രവൃത്തികൾ ലഭ്യമാകില്ലെന്ന ഉറപ്പുണ്ടായിട്ടും, ടെണ്ടർ ഫീസ്, നിരതദ്രവ്യം എന്നീ ഇനങ്ങളിൽ തുക ചെലവഴിച്ച് കരാറുകാർ ടെണ്ടറിൽ പങ്കെടുക്കുന്നത് ടെണ്ടറിലെ മത്സരക്ഷമത ഇല്ലാതാക്കാനാണെന്ന് വ്യക്തമാണ്. പ്രവൃത്തികൾ പുറമെനിന്ന് വീതം വച്ച് അത് ഉറപ്പാക്കുന്നതിന് ടെണ്ടർ സമർപ്പിക്കുകയാണ് ചെയ്യുന്നത്. ഓഡിറ്റ് വർഷത്തെ 29 പ്രവൃത്തികളിൽ 13 എണ്ണം ലഭിച്ചിരിക്കുന്നത് ശ്രീ.റഫീഖ്. കെ.പി എന്നവർക്കാണ്. എല്ലാ പ്രവൃത്തികളും ഇയാൾക്ക് ലഭിക്കത്തക്ക വിധത്തിൽ, എസ്റ്റിമേറ്റിനേക്കാൾ ഉയർന്ന നിരക്കിൽ ടെണ്ടർ സമർപ്പിച്ചിരിക്കുന്നത് Vlccs എന്ന സ്ഥാപനമാണ്. ഈ സ്ഥാാപനത്തിന് ലഭിച്ച എസ്റ്റിമേറ്റ് നിരക്കിലുള്ള 8 പ്രവൃത്തികളുടെ കാര്യത്തിൽ മിക്കതിലും ഉയർന്ന നിരക്കിലുള്ള ടെണ്ടർ സമർപ്പിച്ചിരിക്കുന്നത് കെ. കുമാരൻ എന്നവരാണ്.

ടെണ്ടറുകളിലെ മത്സരക്ഷമത ഇല്ലാതാക്കാൻ ബോധപൂർവ്വം ശ്രമിക്കുകയാണെന്ന് വ്യക്തമായിട്ടും ഇത് ഇല്ലായ്മ ചെയ്യാൻ യാതൊരു ശ്രമവും സ്ഥാപനം നടത്തിയിട്ടില്ല. ഇത്തരം കരാറുകാരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യാവുന്നതായിരുന്നു. കൂടാതെ ഇ ടെണ്ടർ മറ്റൊരു ബദൽമാർഗ്ഗമായിട്ടും ഒരു പ്രവൃത്തിപോലും ഈ രീതിയിൽ കൈമാറിയില്ല എന്നത് വീഴ്ചയാണ്. വെറുമൊരു നടപടിയെന്ന രീതിയിൽ ടെണ്ടർ നടത്തിയെന്നല്ലാതെ ഇക്കാര്യത്തിൽ ഉദ്യേശിച്ച ഫലപ്രാപ്തി ഉറപ്പാക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

1-15 എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ

എം ജി എൻ ആർ ഇ ജി എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ നിർവ്വഹിക്കപ്പെട്ട പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തികളുടെ ടെണ്ടർ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും കാണുന്നു . മൊത്തം പ്രവൃത്തികൾ വിലയിരുത്തിയതിൽ ശരാശരി 7 കരാറുകാർ എല്ലാ പ്രവൃത്തികളും താഴെ കൊടുത്ത പ്രകാരം വീതം വച്ചെടുത്തതായി കാണുന്നു

| ക്രമ നം | കരാറുകാരൻ | പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | മനോജൻ | 12 |
| 2 | ഹമീദ് | 12 |

| | | |
|---|---|---|
| 3 | ബഷീർ | 3 |
| 4 | സജീവൻ | 7 |
| 5 | റഫീഖ് | 11 |
| 6 | ദാസൻ | 9 |
| 7 | വളയം ലേബർ കോൺട്രാക്ടേർസ് | 2 |

മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ച കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ച കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന,പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞെടുക്കുന്നതിന്, അവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ച്ചക്കം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ശരിയായ നടപടിയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ച് സാമ്പത്തിക നഷ്ടം ഉണ്ടാക്കി

2) ഓഡിറ്റ് വർഷം 56 റോഡ് കോൺക്രീറ്റ് പ്രവർത്തികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. ഇവയുടെ മെറ്റീരിയൽ ഇറക്കിയ വകയിൽ കോൺട്രാക്ടർമാർക്ക് തുക നൽകിയ ബില്ലുകളിൽ നിന്നും ജി.എസ്.ടി, ഐ.ടി. ഇനത്തിൽ തുകകൾ ഈടാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.17/20-21/4.6.22) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി സുതാര്യവും,കാര്യക്ഷമവുമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-16 അഗതി ആശ്രയ പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു എന്ന്

ഉറപ്പുവരുത്തിയില്ല

ഗ്രാമപഞ്ചായത്തിൽ 2003-04 വർഷം മുതൽ അഗതി ആശ്രയ പദ്ധതി നടന്നു വരുന്നുണ്ട്. ഓരോ ഘട്ടത്തിലെ പദ്ധതിയിലും ഇതിനായി വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചതായി കാണുന്നില്ല. പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും പാക്കേജിൽ പരാമർശിച്ചിരിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഗുണഭോക്താക്കൾക്ക് ചികിൽസാ സൗകര്യം ലഭ്യമാക്കുന്നതിനായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചെങ്കിലും മരുന്ന് നൽകാൻ ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ആശ്രയ ഗുണഭോക്താക്കൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നത് രേഖപ്പെടുത്തുന്നതിന് സൂക്ഷിക്കേണ്ട മോണിറ്ററിംഗ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ ഓരോ ഘട്ടത്തിലും എത്ര തുക ചെലവഴിച്ചു എന്നതിന് കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. അതുകൊണ്ട് തന്നെ ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ സൂചിപ്പിച്ച എല്ലാ ആനുകൂല്യങ്ങളും ലഭിച്ചോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2019-20 മുതൽ അഗതിരഹിത കേരളം എന്ന പദ്ധതിയാണ് നടപ്പാക്കി വരുന്നത്. ഇതിൽ ആകെ 129 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്. മുൻ വർഷങ്ങളിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ ഉൽപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ആശ്രയ പദ്ധതിയുടെ നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു വിലയിരുത്തൽ സമിതി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/20-21/4.6.22) മറുപടി നൽകിയിട്ടില്ല. ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പാക്കേജിൽ സൂചിപ്പിച്ച മുഴുവൻ ആനുകൂല്യങ്ങളും ലഭിച്ചു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-17 കമ്പ്യൂട്ടറുകൾക്ക് എ.എം.സി കരാർ - അപാകതകൾ

ഗ്രാമപഞ്ചായത്ത് ഓഫീസിലെ 11 കമ്പ്യൂട്ടറുകൾക്ക് എ.എം.സി കരാർ വെച്ചതുമായി ബന്ധപ്പെട്ട പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 8/21 |
| അടങ്കൽ | 50000/- |
| ഫണ്ട് | തനത് |
| ചെലവ് | 43750/- |
| ബിൽനം. തി. | 32/13.3.21 |

എ.എം.സി പുതുക്കുന്നതിനായി മാക്സിസ് ഐ.ടി സൊല്യൂഷൻസ് കോഴിക്കോട് എന്ന സ്ഥാപനവുമായി 14.10.20 ന് സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 11 കമ്പ്യൂട്ടറുകൾ, 4 ലേസർ പ്രിന്റർ, 2 എം.എഫ് പ്രിന്റർ, 1 സ്കാനർ , 1 യുപിഎസ് എന്നിവ ഒരു വർഷത്തേക്ക് പരിപാലിക്കുന്നതിനാണ് കരാർ. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലിമിറ്റഡ് ടെൻഡർ നടപടികളിലൂടെയായിരുന്നു പദ്ധതി നടപ്പാക്കേണ്ടിയിരുന്നത് എന്നാൽ മാക്സിസ് ഐ.ടി സൊല്യൂഷൻസ് കോഴിക്കോട് എന്ന സ്ഥാപനവുമായി ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ നേരിട്ട് കരാറിൽ ഏർപ്പെടുകയായിരുന്നു.

2. പരിപാലിക്കേണ്ട ആകെ കമ്പ്യൂട്ടറുകളുടെയും മറ്റ് ഉപകരണങ്ങളുടെയും എണ്ണം കരാറിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും, അവ ഏതൊക്കെയാണെന്ന് പ്രത്യേകമായി സൂചിപ്പിച്ചിട്ടില്ല. അതുകൊണ്ട് തന്നെ വാറന്റി കാലയളവ് കഴിഞ്ഞവയ്ക്ക് തന്നെയാണോ കരാർ വെച്ചിരിക്കുന്നത് എന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല

3. കമ്പ്യൂട്ടറുകളുടെ ഹർഡ് വെയർ,സോഫറ്റ് വെയർ റജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/21/3.6.21) മറുപടി നൽകിയിട്ടില്ല. പദ്ധതിക്കായി ചെലവഴിച്ച 43,750/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-18 വയോജനങ്ങൾ, വനിതകൾ പ്രാദേശിക സാമ്പത്തിക വികസനം എന്നീ മേഖലകളിൽ പദ്ധതികളാവിഷ്കരിച്ചില്ല

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ വയോജനങ്ങൾ, വനിതകൾ, പ്രാദേശിക സാമ്പത്തിക വികസനമേഖലകളിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. സ.ഉ (കൈ) നം.11/2018/തസ്വഭവ. തി.29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.5-4-1(11) ൽ പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം,എസ്.സി.പി,ടി.എസ്.പി എന്നിവ കുട്ടിയ തുകയുടെ അഞ്ച് ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾക്കായി വകയിരുത്തേണ്ടതാണ്. വയോജനങ്ങളുടെ ക്ഷേമത്തിനും, ആവശ്യമുള്ളവർക്ക് സ്വാന്തന പരിചരണം നൽകുന്നതിനും ഒരു പ്രത്യേക പദ്ധതി തയ്യാറാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അതുപോലെ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി തയ്യാറാക്കേണ്ടതും, അതിനനുസൃതമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതുമാണ്. എന്നാൽ പദ്ധതി കാലയളവിൽ ഇത്തരം പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

ചെറുകിട – പരമ്പരാഗത തൊഴിൽ മേഖലകളിലും പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ദാരിദ്ര്യലഘൂകരണം ലക്ഷ്യമാക്കി ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, കുടുംബശ്രീ സംഘടനാ സംവിധാനം എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടപ്പാക്കാമായിരുന്ന ഇത്തരം പദ്ധതികൾ മേൽ സംവിധാനങ്ങളുടെ ജാഗ്രതക്കുറവ് കാരണം നടപ്പാക്കാൻ സാധിച്ചില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 (1) ാം ഉപവകുപ്പ് 3 ാം പട്ടിക സി. പ്രകാരം ദരിദ്രരെ കണ്ടെത്തി, പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയം തൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെടുന്നതാണ്. എന്നാൽ മേൽ സൂചിപ്പിച്ച മേഖലകളിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നിയമപരമായ ബാധ്യത നിറവേറ്റുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെടാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/20-21/3.6.22) മറുപടി നൽകിയിട്ടില്ല. മേൽ സൂചിപ്പിച്ച മേഖലകളിൽ പദ്ധതി നടപ്പാക്കുന്നതിലുണ്ടായ വീഴ്ചയ്ക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

1-19 പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് നടന്നിട്ടില്ല. കൃഷി, മൃഗസംരക്ഷണം തുടങ്ങി ഉൽപ്പാദന മേഖലകളിൽ ആവിഷ്കരിച്ച ഭൂരിഭാഗം പദ്ധതികളും നിർവ്വഹണം നടത്തിയിട്ടുണ്ട്. എന്നാൽ ഇവയുടെ ഫലപ്രാപ്തി സംബന്ധിച്ച് കൃത്യമായ വിലയിരുത്തൽ നടത്തിയിട്ടില്ല. ഓഡിറ്റ് വർഷം പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് എന്ന പദ്ധതിയിൽ (പ്രോജക്റ്റ് നം.1/21) 150000/- രൂപ വകയിരുത്തിയതിൽ 120983/- രൂപ പദ്ധതി രൂപീകരണത്തിനും,നിർവ്വഹണത്തിനുമായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് നടത്തുന്നതിനായി ഇതിൽ നിന്നും തുകയൊന്നും ചെലവഴിച്ചതായി കാണുന്നില്ല.

പ്രോജക്റ്റ് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പുകൾ ഭരണ സമിതിക്കും,നിർവ്വഹണ ഉദ്യോഗസ്ഥനും സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ വിശദമായ മോണിറ്ററിംഗ് നടന്നതായി

കാണുന്നില്ല. പദ്ധതികൾ മോണിറ്ററിംഗ് നടത്തുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. പദ്ധതികൾ ശരിയായ രീതിയിൽ മോണിറ്ററിംഗ് നടക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

1-20 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, റിപ്പയർ എന്നീ പദ്ധതികളിലെ അപാകതകൾ

ഓഡിറ്റ് വർഷം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും റിപ്പയർ നടത്തുന്നതിനുമായി നടപ്പാക്കിയ പദ്ധതികളുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

A) തെരുവ് വിളക്ക് സ്ഥാപിക്കൽ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 89/21 |
| അടങ്കൽ | 300000/- |
| ഫണ്ട് | സി.എഫ്.സി |
| ചെലവ് | 300000/- |
| ബിൽനം. തി. | 32/13.3.21 |

1. എത്ര തെരുവ് വിളക്കുകൾ പുതിയതായി സ്ഥാപിക്കേണ്ടതുണ്ട് എന്നത് സംബന്ധിച്ച് കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. മാത്രമല്ല പ്രൊജക്ടിൽ എത്ര ലൈറ്റുകൾ സ്ഥാപിക്കണമെന്ന് പ്രത്യേകമായി സൂചിപ്പിച്ചിട്ടില്ല.

2. 24 വാട്ട് എൽ.ഇ.ഡി ഓട്ടോമാറ്റിക് ലൈറ്റ് സ്ഥാപിക്കാനാണ് ടെണ്ടർ നിബന്ധനയിൽ സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ 21.10.20ൽ ചേർന്ന ഭരണ സമിതിയോഗത്തിൽ 18 വാട്ട് LED Automtic Doom Light 216 എണ്ണം സ്ഥാപിക്കുന്നതിന് തേജസ് ഇലക്ട്രിക്കൽസ് അയനിക്കാട്ടുമായി കരാറിൽ ഏർപ്പെടുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. അതായത് ടെണ്ടർ നിബന്ധനയിൽ സൂചിപ്പിക്കാത്ത ലൈറ്റ് വാങ്ങുന്നതിനാണ് ഭരണസമിതി അംഗീകാരം നൽകിയത്.

3. LED ഉൽപ്പാദകരിൽ നിന്നും ഉൽപ്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള LM 80 സർട്ടിഫക്കറ്റ്, വിതരണം ചെയ്യുന്ന LEDലൈറ്റിന്റെ അംഗീകൃത ലബോറട്ടറിയിൽ നിന്നുള്ള ലാബ് റിപ്പോർട്ട് (LM 79) എന്നിവ ഹാജരാക്കണമെന്ന കരാർ വ്യവസ്ഥ കരാർ ലഭിച്ച സ്ഥാപനം പാലിച്ചിട്ടില്ല.

4. കരാർ എടുത്ത തേജസ് ഇലക്ട്രോണിക്സ് എന്ന സ്ഥാപനം പ്രവർത്തി പൂർത്തിയാക്കി 19.3.21ൽ സെക്രട്ടറിക്ക് നൽകിയ അപേക്ഷയിൽ 15 വാർഡുകളിലായി 216 ബൾബുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ബൾബുകൾ സ്ഥാപിച്ചതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് വാർഡ് മെമ്പർമാരാണ്. എന്നാൽ കത്തിൽ പോസ്റ്റ് നമ്പർ, ഏത് തരം ബൾബാണ് സ്ഥാപിച്ചിരിക്കുന്നത് എന്നീ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മോണറ്ററിംഗ് റിപ്പോർട്ട് ഇല്ലാതെ വാർഡ് മെമ്പർമാരുടെ കത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നത് ശരിയായ നടപടിയല്ല. മെമ്പർമാരുടെ സാക്ഷ്യപത്ര പ്രകാരം 214 ബൾബുകൾ സ്ഥാപിച്ചതായി മാത്രമേ രേഖയുള്ളൂ.

5. തെരുവ് വിളക്ക് രജിസ്റ്ററിൽ LED ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

B) തെരുവ് വിളക്ക് റിപ്പയർ

സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 55/21 |
| അടങ്കൽ | 100000/- |

| | |
|---|---|
| ഫണ്ട് | വികസനം |
| ചെലവ് | 100000/- |
| ബിൽനം. തി. | 24/25.1.21 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. പദ്ധതി ടെണ്ടർ ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. കരാർ എടുത്ത തേജസ് ഇലക്ട്രിക്കൽസ് അയനിക്കാട് എന്ന സ്ഥാപനവുമായി ഒപ്പിട്ട കരാറിലെ മൂന്നാമത്തെ വ്യവസ്ഥ പ്രകാരം തെരുവ് വിളക്കുകൾ കത്താത്തത് സംബന്ധിച്ച പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തിയ പരാതികൾ പ്രകാരം ഓരോ ബുധനാഴ്ചയും ആവശ്യമായ റിപ്പയർ പ്രവർത്തികൾ നടത്തേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും, ഈ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. റിപ്പയർ പ്രവൃത്തി പൂർത്തിയാക്കി 28.10.20 ന് തേജസ് ഇലക്ട്രിക്കൽസ് നൽകിയ അപേക്ഷയിൽ എത്ര ബൾബുകൾ റിപ്പയർ ചെയ്തിട്ടുണ്ടെന്ന് സൂചിപ്പിച്ചിട്ടില്ല.എന്നാൽ 4.11.20 ലെ ഭരണസമിതിയുടെ 1/135(7) നമ്പർ തീരുമാനപ്രകാരം 173 ബൾബുകൾ റിപ്പയർ ചെയ്ത വകയിൽ തേജസ് ഇലക്ട്രിക്കൽസിന് തുക കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഫയലിൽ സൂക്ഷിച്ച മെമ്പർമാരുടെ കത്ത് പ്രകാരം 190 ബൾബുകൾ റിപ്പയർ ചെയ്തതായി സൂചിപ്പിച്ചിട്ടുണ്ട്. ആകെ എത്ര ബൾബുകൾ റിപ്പയർ ചെയ്തു എന്ന് കൃത്യമായി കണക്കാക്കാതെയാണ് തുക നൽകിയത് എന്ന് വ്യക്തമാണ്.

4. മേൽ സൂചിപ്പിച്ച പദ്ധതികൾക്ക് തുക നൽകിയിരിക്കുന്നത് മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ഇല്ലാതെയാണ്. ഏതൊക്കെ പോസ്റ്റുകളിലെ ബൾബുകൾ റിപ്പയർ ചെയ്തു എന്നത് സംബന്ധിച്ച് വ്യക്തതയില്ലാതെ പദ്ധതി തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/21/4.6.22) മറുപടി നൽകിയിട്ടില്ല. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് മുൻപ് കൃത്യമായ ആവശ്യകതാ നിർണ്ണയം നടത്തുന്നുണ്ടെന്നും സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും ചേർക്കുന്നുണ്ടെന്നും, ശരിയായ മോണിറ്ററിംഗ് നടക്കുന്നുണ്ടെന്നും ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

1-21 ഹരിത കർമ്മ സേനയുടെ പ്രവർത്തനം - യൂസർ ഫീ അടയ്ക്കുന്നതിൽ വീഴ്ച

സ.ഉ (സാധാ) നം. 2420/തസ്വഭവ/തി.15.07.2017 ഉത്തരവ് പ്രകാരം ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. യൂസർ ഫീ കളക്ട് ചെയ്ത മുഴുവൻ തുകയും ബേങ്കിലേക്ക് അടയ്ച്ചില്ല.

യൂസർ ഫീ ഇനത്തിൽ പിരിച്ചെടുത്ത മുഴുവൻ തുകയും ബേങ്ക് അക്കൗണ്ടിലേക്ക് അടച്ചതായി കാണുന്നില്ല. 31.08.2021 ന് ആകെ കളക്ട് ചെയ്ത 476930/- രൂപയിൽ 183610/-രൂപ മാത്രമേ ബേങ്കിലേക്ക് (എക്കൗണ്ട് നം.9398/ ഗ്രാമീൺബേങ്ക് തുണേരി) അടച്ചിട്ടുള്ളൂ. പിരിച്ചെടുത്ത മുഴുവൻ തുകയും ബേങ്ക് എക്കൗണ്ടിലേക്ക് അടച്ചതായി കാണുന്നില്ല

2. എം.സി.എഫ് കേന്ദ്രങ്ങൾ സ്ഥാപിച്ചില്ല

പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ശേഖരിച്ച് വേർതിരിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ എം.സി.എഫ് കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്. ഇവിടെ ഹരിതകർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/20-21/2.06.22)

വി.ഇ.ഒ മറുപടി സമർപ്പിച്ചിട്ടുണ്ട്. ഹരിത കർമ്മസേനയുടെ എക്കൗണ്ട് കൈകാര്യം ചെയ്യുന്നത് ഹരിത കർമ്മസേന കൺസോർഷ്യത്തന്റെ പ്രസിഡന്റും സെക്രട്ടറിയുമാണെന്നും,മാലിന്യം വാർഡുകളിൽനിന്ന് ശേഖരിക്കുന്നതിനുള്ള വാഹന വാടകയും, ഹരിത കർമ്മസേനാംഗങ്ങളുടെ വേതനവും എടുത്തശേഷം

ബാക്കിയുള്ള തുകയാണ് ബേങ്ക് എക്കൗണ്ടിലേക്ക് അടച്ചതെന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് ശരിയായ നടപടിയല്ല. യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന മുഴുവൻ തുകയും ബേങ്കിൽ അടച്ചതിനു ശേഷം, വേതനം നൽകുന്നതിനും മറ്റുമുള്ള ചെലവുകൾ ചെക്ക് മുഖേന പിൻവലിക്കുകയാണ് ചെയ്യേണ്ടത്. അപാകതകൾ ആവർത്തിക്കാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. എം.സി.എഫ് കേന്ദ്രം ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 റോഡ് ടാറിംഗ്- കൂടുതൽ ഗുണമുള്ളതും ചെലവ് കുറഞ്ഞതുമായ ഇനം തെരെഞ്ഞെടുത്തില്ല

സ്ഥാപനത്തിൽ ഓഡിറ്റ് വർഷത്തിൽ നിർവ്വഹിക്കപ്പെട്ട റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് പൂർണ്ണമായും ഉപയോഗപ്പെടുത്തിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണ്. മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ ഒന്ന് മേൽപറഞ്ഞതും മറ്റൊന്ന് MSS(Mixed Seal Surfacing) മാണ്. ആദ്യത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനുമുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനം കൂടി നിർവ്വഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ രണ്ടാമത്തേത് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽ ചെലവേറിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ രണ്ടിനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ് കാർപ്പെറ്റും മറ്റേത് സീല് കോട്ടുമാണ്. യഥാക്രമം 153.03 രൂപയും 60.63 രൂപയും നിരക്കിൽ ഇത് രണ്ടിനം കൂടി എം സ്ക്വയർ ചെയ്യാൻ ആകെ 213.66 രൂപ ചെലവ് വരുന്നുണ്ട്. എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. ഇതിന്റെ നിരക്ക് എം സ്ക്വയറിന് (മെക്കാനിക്കൽ) 161.97/-രൂപ മാത്രമാണ്. അതായത് 20mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്ക്വയറന് 51.69 രൂപ അധിക ചെലവ് വരുന്നുണ്ടെന്ന് കാണാം.

മിക്സഡ് സീൽ സർഫസ് (MSS)എന്ന രണ്ടാമത്തെ ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവ്വഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്കണമെന്നതാണ്. (മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള Construction Operations കാണുക) എന്നാൽ 20mm ചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്നതരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവ്വഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും അവലംബിക്കുമ്പോൾ നിർമ്മാണശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്നത (Undulations) മോർഡ് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ് ബേസ്,ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരാമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരാമാവധി ടോളറൻസ്(tolerance) കൂടിയത് + 6mmഉം കുറഞ്ഞത് -6 Mmമാണ്. അതായത് പരാമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്നത(undulations) മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാന്വൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരാമാവധി +10mmഉം -10 Mm ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന നിമ്നോന്നത (Undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാന്വലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ്(tolerance) ആയ +10mmഉം -10 Mm ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്നത (Undulations) അനുവദിച്ചതിലും വളരെ കൂടുതൽ വരുന്ന അവസ്ഥാ വിശേഷമുണ്ട്.

മാന്വൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി പഞ്ചായത്തിലെ റോഡുകളിൽ അവലംബിക്കാത്തത് വിശദീകരിക്കേണ്ടതാണ്.

## 1-23 മുൻകൂർ ക്രമപ്പെടുത്തിയില്ല

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2010-11വർഷം മുതലുള്ള മുൻകൂറുകൾ ക്രമപ്പെടുത്താൻ അവശേഷിക്കുന്നതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കൈപ്പറ്റിയത് | കൈപ്പറ്റിയ തിയ്യതി | തുക | ഇനം |
|---|---|---|---|---|
| 1 | വി.ഇ.ഒ,തുണേരി | 29.04.10 | 1400 | ടോട്ടൽ സാനിറ്റേഷൻ |
| 2 | സി.വിജയകുമാർ, യു.ഡി ക്ലർക്ക് | 05.09.11 | 6800 | ഓണം അഡ്വാൻസ് |
| 3 | ജിജു സി.കെ, എൽ.ഡി.സി | 05.09.11 | 6800 | ഓണം അഡ്വാൻസ് |
| 4 | എ.കെ.രാജൻ, അസി.സെക്രട്ടറി | 07.09.16 | 3000 | ഓണം അഡ്വാൻസ് |
| 5 | വി.ഇ.ഒ,തുണേരി | 27.04.17 | 200000 | മാലിന്യ സംസ്കരണം |
| 6 | വി.ഇ.ഒ,തുണേരി | 15.05.17 | 13475 | മഴക്കാല പൂർവ ശുചീകരണം |
| 7 | വി.ഇ.ഒ,തുണേരി | 14.06.17 | 10000 | മഴക്കാല പൂർവ ശുചീകരണം |

മുൻകൂർ ക്രമീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ജി.എം.എൽ.പി സ്കൂൾ കണ്ണങ്കൈ - അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ രണ്ട് സർക്കാർഎൽ.പി.സ്കൂളുകളാണുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ടിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്ററിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം ജി.എം.എൽ.പി.സ്കൂൾ കണ്ണങ്കൈയിൽ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്. സർക്കാർ പ്രൈമറി സ്കൂളുകൾ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലാകയാൽ ഇവയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം സ്കൂളിൽ മൂന്ന് ക്ലാസ്സ് മുറികളുടെ കുറവുണ്ട്. ആവശ്യമായ ഫർണിച്ചർ,കളിസ്ഥലം,കളി ഉപകരണങ്ങൾ എന്നിവ സ്കൂളിലില്ല. സ്റ്റാറ്റസ് റിപ്പോർട്ടിലെ ആവശ്യങ്ങൾക്ക് അനുപൂരകമായ പ്രൊജക്ടുകൾ തയ്യാറാക്കപ്പെടാത്തതാണ് അപാകതകൾക്ക് കാരണം. അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 എസ്.എസ്.കെ വിഹിതം ഒടുക്കിയതിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

തുണേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ 2സർക്കാർ എൽ.പി സ്കൂളുകളും 9 എയിഡഡ് എൽ.പി സ്കൂളുകളും 2 എയിഡഡ് യു.പി.സ്കൂളുകളുമാണുള്ളത്. സ.ഉ.(കൈ) നം.11/2018/തസ്വഭവ തീ. 29.01.2018 ഖണ്ഡിക 7.6 പ്രകാരം ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ പ്രൊജക്ടുകൾക്ക് വകയിരുത്തണം. എന്നാൽ തൻവർഷം 5ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിയിരുന്നെങ്കിലും 2 ലക്ഷം

രൂപ മാത്രമാണ് ഒടുക്കിയത്. തൻവർഷം എസ്.എസ്.കെ ആവശ്യപ്പെട്ട തുക എത്രയാണെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച രേഖകൾ ഫയലിലില്ല. 08.03.2022 ന് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി തുണേരി ഗ്രാമ പഞ്ചായത്തിന് അയച്ച കത്തിൽ 11.05ലക്ഷം രൂപ ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ എസ്.എസ്.കെ ക്ക് അടയ്ക്കാൻ ബാക്കിയുള്ളതായി അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-26 ലാപ്ടോപ്,പ്രിന്റർ എന്നിവ ലഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പ്രൊജക്റ്റ് നമ്പർ 140 പ്രകാരം 30.03.2021 ന് 27460രൂപ (ബിൽ നം.260/30.03.21) ജി.എം.എൽ.പി.സ്കൂൾ തുണേരിക്കുവേണ്ടി ഒരു ലാപ്ടോപിന്റെ വിലയായും(ഉബുണ്ടു ഇൻസ്റ്റാൾഡ്) പ്രൊജക്റ്റ് നമ്പർ 141 പ്രകാരം 14851 രൂപ ഒരു പ്രിന്ററിന്റെ വിലയായും(ബിൽ നമ്പർ 24/11.4.2020) കെൽട്രോണിന് (സി.പി.ആർ.സി.എസ്) കൈമാറിയിട്ടുണ്ട്. നോൺറോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നാണ് തുക ചെലവഴിച്ചത്. എന്നാൽ ഓഡിറ്റ് തിയ്യതിവരെ ലാപ്ടോപ്,പ്രിന്റർ എന്നിവ സ്കൂളിന് ലഭിച്ചിട്ടില്ല. മേൽ ഇലക്ട്രോണിക് ഉപകരണങ്ങൾ കെൽട്രോണിൽ നിന്ന് ലഭിക്കുന്നതിന് ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല. സി.പി.ആർ.സി.എസ്. മുഖേനയുള്ള വാങ്ങലിന് സാധനങ്ങൾ ലഭ്യമല്ലെങ്കിൽ ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് സാധനങ്ങൾ വാങ്ങാമായിരുന്നു. ലാപ്ടോപ്,പ്രിന്റർ എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 അങ്കണവാടി പൂരകപോഷകാഹാരം വിതരണം -മോണിറ്ററിംങ് ഫലപ്രദമല്ല.

ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ നിർവഹണം നടത്തിയ പോഷകാഹാര വിതരണ പ്രൊജക്റ്റിന്റെ ഭാഗമായി താഴെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 22/2020-21 അനുപൂരക പോഷകാഹാരം | 2100000 | 2100000 |

പ്രൊജക്റ്റ് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) 11/2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കൊടുക്കുന്നു.

എ) മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി) 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി)7.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ കമ്മറ്റി, നിരീക്ഷണ കമ്മറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഭരണസമിതി ഉറപ്പുവരുത്തേണ്ടതായിരുന്നു. വർക്കിംഗ് ഗ്രൂപ്പ് മിനട്സ് പരിശോധിച്ചതിൽ 20 -21 സാമ്പത്തികവർഷം 6-2-2021 , 16-2-2021 തിയ്യതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിൽ മോണിറ്ററിംഗിനെക്കുറിച്ച് പ്രതിപാദിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-28 മരാമത്ത് പ്രവൃത്തികൾക്ക് കരാർ വയ്ക്കുന്നത് -നിബന്ധനകൾ കാലഹരണപ്പെട്ടത്

നിർവ്വഹണം – അസി എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് കൊണ്ടല്ലെന്നും വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. കരാറിന്റെ അന്തസത്ത

സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ, പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ എന്നിവയിലാണ് പ്രധാനമായും അപാകത കാണുന്നത്. പ്രധാനമായും ടെണ്ടർ നടപടിയിലൂടെയാണ് നിർവ്വഹണം നടത്തിയതെങ്കിലും അക്രഡിറ്റഡ് ഏജൻസി വഴിയും നിർവ്വഹണം നടന്നിട്ടുണ്ട്. രണ്ട് രീതിയിൽ നിർവ്വഹിക്കപ്പെട്ടവയുടെ കാര്യത്തിലും മേൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

സ്പെസിഫിക്കേഷൻ

എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കിവരുന്നത്. ഈ എഗ്രിമെന്റിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം,പ്രവൃത്തിയുടെ അളവുകൾ,കരാറുടമ്പടിയുടെ ഭാഗമായി വരുന്ന നിബന്ധനകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ ഡെൽഹി അനാലിസിസ് ഓഫ് റേറ്റും (DAR) ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റും (DSR) ബാധകമാക്കിയിട്ടുണ്ട്. ഡെൽഹി അനാലിസിസ് ഓഫ് റേറ്റ് എന്ന ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് CPWD സ്പെസിഫിക്കേഷനെയാണെന്നു കാണാം. കൂടാതെ ഗ്രാമീണ റോഡുകളുടെ നിർമ്മിതിക്ക് മോർഡ് സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. മേൽ സ്പെസിഫിക്കേഷനുകൾക്ക് അനുസൃതമായി പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പകരമാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രതിപാദിച്ചിരിക്കുന്നത്. കൂടാതെ അക്രഡിറ്റഡ് ഏജൻസിയുമായി വച്ച കരാറുകളിൽ സ്പെസിഫിക്കേഷൻ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുമില്ല.

പിഴ സംബന്ധിച്ച അപാകത

കരാറിന്റെ ഏഴാമത്തെ വ്യവസ്ഥയായി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ച് വിശദമാക്കുന്നു. 2012 ൽ പുതുക്കിയ PWD മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിന് പകരം അതിനുമുമ്പുള്ള മാന്വലിലെ വ്യവസ്ഥകളാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. അതായത് പുതുക്കിയ മാന്വൽ പ്രകാരം കരാറുകാരന്റെ വീഴ്ചമൂലം കാലതാമസം വരുന്ന കാര്യത്തിൽ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം കൂടി PACയുടെ 1% പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. ഇത് മതിയാകാത്ത സന്ദർഭങ്ങളിൽ PAC യുടെ 2%പിഴ ഈടാക്കി വീണ്ടും 25% സമയം കൂടി അനുവദിക്കാവുന്നതാണ്. അതായത് ഇപ്രകാരം പിഴ ചുമത്തി അനുവദിച്ച സമയത്തിന്റെ ആകെ 50% സമയം അനുവദിക്കാവുന്നതും ഇപ്രകാരം അനുവദിക്കുന്നതിന് പൂർത്തീകരണ കാലയളവിനുമുമ്പ് തന്നെ കരാറുകാരൻ ഇതിനായി അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിതസമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നിശ്ചിതകാലാവധിയുടെ 20% ഗ്രേസ് പീരീയിഡ് അനുവദിക്കുമെന്നും (പിഴയില്ലാതെ) അതിനുശേഷം വരുന്ന മൂന്നുമാസത്തേക്ക് കരാർ തുകയുടെ 1% വും തുടർന്നുവരുന്ന ഓരോ മൂന്ന് മാസത്തേക്കും 2% വും നിരക്കിൽ പിഴ ഈടാക്കുന്നതാണെന്നുമാണ് കരാറിൽ വ്യവസ്ഥചെയ്തിരിക്കുന്നത്. കൂടാതെ പിഴ സംബന്ധിച്ചും അക്രഡിറ്റഡ് ഏജൻസിയുമായി വച്ച കരാറുകളിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുമില്ല.

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തിവിവര പട്ടിക, പ്രവർത്തനകലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും കരാറുകാരൻ പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥകളിൽ രണ്ടാമതായി പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ

കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രവൃത്തിയുടെ പ്രൊജക്ട് കരാറിന്റെ ഭാഗമായി പരിഗണിച്ചാൽ തന്നെ മിക്ക പ്രവൃത്തികളുടേയും കാര്യത്തിൽ കരാർ തീയതി പരിഗണിക്കുമ്പോൾ പ്രൊജക്ടിലെ പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയെന്നത് അസംഭാവ്യമാണെന്ന് കാണാം. പ്രൊജക്ടിൽ ഏകവർഷ പ്രൊജക്ടെന്ന് രേഖപ്പെടുത്തുകയും പ്രൊജക്ടിന്റെ കരാർ സാമ്പത്തിക വർഷാവസാനം വയ്ക്കുകയും ചെയ്യുന്ന സാഹചര്യമാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. ഏകവർഷ പ്രൊജക്ടുകൾ മാർച്ച് 31നകം പൂർത്തീകരിക്കപ്പെടേണ്ടതുണ്ടെന്ന വസ്തുത എഞ്ചിനീയറോ കരാർ ഒപ്പിടുന്ന കരാറുകാരനോ പരിശോധിക്കുന്നില്ലയെന്നത് വീഴ്ചയാണ്.

പ്രവർത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും സ്ഥാപനത്തിന് കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായ ഭിന്നതകൾ കോടതി സമക്ഷം എത്തുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നത് ഇരുകക്ഷികളും ചേർന്ന് ഒപ്പിടുന്ന കരാറാണെന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ ഇപ്രകാരം അശ്രദ്ധമായി തയ്യാറാക്കാനിടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കൂടാതെ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-29 മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

1)പ്രോജക്ട് നം-23/20-21. ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ രേഖകൾ ലഭ്യമാക്കിയില്ല.

അടങ്കൽ -100000/(മെയിന്റനൻസ് -നോൺറോഡ്)

ചെലവ്-100000/-(BRN-20170532010900961231/19.01.2021)

പ്രമേഹം,ബ്ലഡ് പ്രഷർ,കൊളസ്ട്രോൾ,സ്ട്രോക്ക് തടയുന്നതിനുമുള്ള വിവിധ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കി വിവിധ രോഗികൾക്ക് വിതരണം ചെയ്യുക എന്ന ഉദ്ദേശ്യത്തിലാണ് പ്രോജക്ട് നടപ്പിലാക്കിയത്. ഇതിനായി 100000/- രൂപ കെ.എം.എസ്സ്.സി.എല്ലിന്റെ ബാങ്ക് എക്കൌണ്ടിലേയ്ക്ക് 19.01.2021 തിയ്യതിയിൽ NEFT ആയി തുക കൈമാറിയിട്ടുണ്ട്. എന്നാൽ ലഭ്യമായ മരുന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ, മരുന്ന് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2)പ്രോജക്ട് നം-26/20-21വൃക്ക രോഗികൾക്ക് ഡയാലിസിസിന് ആവശ്യമായ മരുന്ന് വാങ്ങൽ

അടങ്കൽ-500000/-(മെയിന്റനൻസ് -നോൺ റോഡ്)

ചെലവ്-500000/-(BRN-20170532010900961231/19.01.2021)

വൃക്ക രോഗികൾക്ക് മരുന്ന് വാങ്ങി നൽകൽ എന്ന പ്രോജക്ടിൽ 500000/- രൂപ വകയിരുത്തുകയും തുക മുഴുവനായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 13.01.2021 തിയ്യതിയിൽ 500000/- രൂപ NEFT ആയി സിവിൽ സപ്ലൈസ് കോർപ്പറേഷന് കൈമാറുകയും മേൽ തുകക്കുള്ള മരുന്ന് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, ഗുണഭോക്താക്കളുടെ വിവരങ്ങൾ, പ്രോജക്ട് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3)212/20-21.കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -വാഹന വാടക,മറ്റ് അനുബന്ധ ചെലവുകൾ

അടങ്കൽ-200000/-(മെയിന്റനൻസ് -നോൺ റോഡ്)

ചെലവ്-198814/-( BRN-20170552010900677403/1.11.2020)

പ്രോജക്ട് പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 198814/- രൂപ ചെലവഴിച്ചിട്ടുണ്ട്.മേൽ ചെലവഴിച്ച തുകയിൽ 149204/-രൂപ 2020 മെയ് മുതൽ 2020 നവംബർ വരെ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് വാഹനം ഓടിയ വകയിൽ ഡ്രൈവറായ ശ്രീ.മുഹമ്മദ് അഷറഫ് എന്നയാളിന് നൽകിയ തുകയാണ്. പ്രോജക്ട് പ്രകാരം ഡ്രൈവറെ നിയമിച്ചതിന്റെ രേഖകൾ

ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4)21/20-21.പെയിൻ&പാലിയേറ്റീവ് കെയർ

അടങ്കൽ-471920/(വികസനഫണ്ട് ജനറൽ)

ചെലവ്-399183/-

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി രോഗികൾക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി 50000/-രൂപ (BRN-20170552010900961227/19.01.2021) 19.01.2021 തിയ്യതിയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-30 അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങളില്ല

ഋണേരി ഗ്രാമപഞ്ചായത്തിൽ ആകെ 25 അങ്കണവാടികളാണുള്ളത്. ഐ.സി.ഡി.എസ്. സൂപ്പർവൈസറിൽ നിന്ന് ശേഖരിച്ച വിവരങ്ങളനുസരിച്ച് അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങളെപ്പറ്റിയുള്ള സംക്ഷിപ്ത വിവരം താഴെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| ആകെ അങ്കണവാടികളുടെ വിവരം | 25 |
| സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 19 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 05 |
| വാടക ഇതരം | 01 |
| സ്വന്തമായി കുടിവെള്ള സൗകര്യമുള്ളത് | 25 |
| വൈദ്യുത കണക്ഷനുള്ളത് | 21 |
| ടോയ്‌ലറ്റ് സൗകര്യമുള്ളത് | 25 |
| ചുറ്റുമതിലുള്ളത് | 13 |
| പാചകം ചെയ്യാൻ ഗ്യാസ് സൗകര്യമുള്ളത് | 25 |

നിലവിൽ ഗ്രാമപഞ്ചായത്തിലുള്ള അംഗൻവാടികൾക്കൊന്നും തന്നെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. സ്വന്തമായി കെട്ടിടമില്ലാത്ത 6 അങ്കണവാടിയിൽ 3 എണ്ണത്തിന് സ്ഥലം ലഭ്യമായിട്ടുണ്ടെന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ഒരെണ്ണത്തിന്റെ മാത്രമേ പണി തുടങ്ങിയിട്ടുള്ളൂ. 4 അംഗൻവാടികളിൽ ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമല്ല. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് പൂർണ്ണമായും വിജയിച്ചിട്ടില്ല. കൂടാതെ പാചകഗ്യാസ് സൌകര്യം 25 അംഗൻവാടികളിലും ലഭ്യമാക്കിയിട്ടുണ്ടെങ്കിലും 11 അംഗൻവാടികളിൽ ആയത് വാണിജ്യ ആവശ്യത്തിനുള്ള ഇനത്തിലാണ് ഉൾപ്പെടുന്നത്. വലിയ തുക പ്രതിമാസം ഗ്യാസ്സിന് വേണ്ടി ചെലവഴിക്കേണ്ടിവരുന്നുണ്ട്. ആയത് ഗാർഹിക കണക്ഷനാക്കി മാറ്റാൻ വേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-31 എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണം -പ്രവൃത്തികൾക്ക് സാങ്കേതികാനുമതി

ലഭ്യമാകുന്നതെങ്ങിനെയെന്ന് വ്യക്തമല്ല.

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ പരിശോധനയിൽ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റിന്റെ അവിഭാജ്യ ഘടകമായ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിയിരിക്കുന്നത് അപൂർണ്ണമായാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ PWD മാന്വലിൽ വിശദമാക്കിയിട്ടുണ്ട്. പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 1601.1.2(ii) ലും മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 2601 മുതലുള്ള ഭാഗത്തും ഇക്കാര്യങ്ങൾ പ്രതിപാദിക്കുന്നു. എന്നാൽ പ്രധാനമായും റോഡുകളുടെ കാര്യത്തിൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത ഈ റിപ്പോർട്ടുകൾ നല്കുന്നില്ല.

1) റോഡുകളുടെ ആകെ നീളവും എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ.

2) അറ്റകുറ്റപ്പണിയാണെങ്കിൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിന്റെ നിലവിലെ അവസ്ഥ.

3) പുതിയ നിർമ്മിതിയാണെങ്കിൽ ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും.

4) പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക് , ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ

5) പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ.

6) പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ്.

7) മറ്റ് പ്രസക്തമായ കാര്യങ്ങൾ.

കെട്ടിടങ്ങളുടെയും, നിർമ്മിതിയുടേയും, അറ്റകുറ്റപ്പണികളുടേയും കാര്യത്തിൽ മേൽ പോരായ്മകൾ എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ കാണുന്നു.

ഇപ്രകാരം പോരായ്മകൾ ഉള്ള എസ്റ്റിമേറ്റിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നല്കുന്നത് എപ്രകാരമെന്ന് വ്യക്തമല്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് എസ്റ്റിമേറ്റുകൾ മടക്കുന്നതായും കാണുന്നില്ല. അപൂർണ്ണമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കിവരുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. പ്രൊജക്ടുകൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമാകുക, പ്രൊജക്ട് പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഉപയോഗം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാകുക തുടങ്ങിയ ആസൂത്രണ ലക്ഷ്യങ്ങൾ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഇത് മൂലം കഴിയുന്നില്ല.

ഭാഗിക നിർമ്മിതി മൂലം പ്രൊജക്ട് ലക്ഷ്യം കൈവരിക്കാനാവാതെ ഹ്രസ്വ കാലത്തേക്കോ, എന്നന്നേക്കുമായോ ധനനഷ്ടത്തിന് കാരണമാകുകയെന്ന ഗുരുതര വീഴ്ച ഇതുമൂലം സംജാതമാകുന്നുണ്ട്. സാങ്കേതികാനുമതി നല്കുമ്പോൾ തന്നെ എസ്റ്റിമേറ്റുകളുടെ സമഗ്രത ഉറപ്പുവരുത്തിയിരുന്നെങ്കിൽ മേൽ സാഹചര്യം ഒഴിവാക്കാമായിരുന്നു. എസ്റ്റിമേറ്റുകളുടെ സമഗ്രത സംബന്ധിച്ച സാങ്കേതികാനുമതി നല്കുന്ന ഉദ്യോഗസ്ഥന്റെ അജ്ഞതയ്ക്കുള്ള ഒരു കാരണം അപൂർണ്ണമായ എസ്റ്റിമേറ്റ് റിപ്പോർട്ടാണെന്നു കാണാം. കൂടാതെ, വരും വർഷങ്ങളിൽ മേൽ ആസ്തികളുടെ കാര്യത്തിൽ നടത്തേണ്ട ഇടപെടലുകളെ കുറിച്ച് അജ്ഞതയുണ്ടാകാനും അപൂർണ്ണമായ എസ്റ്റിമേറ്റ് റിപ്പോർട്ട് ഇടയാക്കുന്നു. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ ഈ വീഴ്ചകൾക്ക് കാരണം അസി. എഞ്ചിനീയറാകയാൽ അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-32 വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

വി.ഇ.ഒ പദ്ധതികൾ നിർവ്വഹണം നടത്തിയില്ല-ഫണ്ട് ലാപ്സായി

ഓഡിറ്റ് വർഷത്തിൽ വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിൽ 15 പ്രോജക്ടുകൾക്ക് ഫണ്ട് വകയിരുത്തിയതിൽ 8 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. ആയതിൽ 1

പ്രോജക്ടിന് മാത്രമാണ് തുക മുഴുവനായും വിനിയോഗിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം,പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാത്തതിനാൽ ലാപ്സായ തുക |
|---|---|---|---|---|
| 1 | 215/20-21.റിംഗ് കമ്പോസ്റ്റ് | 750000 | 0 | 750000 |
| 2 | 199/20-21.ഹരിത കർമ്മസേനയ്ക്ക് വേതനം(സ്പിൽ ഓവർ) | 168000 | 0 | 168000 |
| 3 | 200/20-21.തെളിമയാർന്ന ത്തുണേരി ശേഖരിച്ച മാലിന്യങ്ങൾ കയറ്റി അയക്കൽ<br>(സ്പിൽ ഓവർ) | 490000 | 0 | 490000 |
| 4 | 14/20-21.ഹരിത കർമ്മസേനയ്ക്ക് വേതനം | 270000 | 0 | 270000 |
| 5 | 29/20-21.ശേഖരിച്ച മാലിന്യങ്ങൾ കയറ്റി അയക്കൽ | 490000 | 0 | 490000 |
| 6 | 31/20-21.പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ (പട്ടികജാതി) | 35000 | 0 | 35000 |
| 7 | 35/20-21.പൊതുസ്ഥലങ്ങളിൽ മാലിന്യശേഖരണം | 100000 | 0 | 100000 |
| 8 | 226/20-21.മാലിന്യ സംസ്കരണം നിറവിന് തുക നൽകൽ | 500000 | 0 | 500000 |
| 9 | 18/20-21.പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ(ജനറൽ) | 280000 | 280000 | 0 |
| 10 | 13/20-21.ലൈഫ് ഭവനപദ്ധതി(ജനറൽ) | 2036313 | 1113513 | 922800 |
| 11 | 152/20-21.ഉറസായ കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ(സ്പിൽ ഓവർ) | 204000 | 24000 | 180000 |

| | | | | |
|---|---|---|---|---|
| 12 | 130/20-21.വീട് പുനരുദ്ധാരണം (പട്ടികജാതി-സ്പിൽ ഓവർ) | 215000 | 118172 | 96828 |
| 13 | 9/20-21.ലൈഫ് ഭവനപദ്ധതി(പട്ടികജാതി) | 3248000 | 835828 | 2412172 |
| 14 | 105/20-21.ഭവനപുനരുദ്ധാരണം(ജനറൽ) | 400000 | 200000 | 200000 |
| 15 | 16/20-21.ആശ്രയ ഭവനപുനരുദ്ധാരണം | 100000 | 90000 | 10000 |
| ആകെ | | 9286313 | 2661513 | 6624800 |

15 പദ്ധതികളിലായി 9286313/- രൂപ വകയിരുത്തിയതിൽ ആകെ ചെലവഴിച്ചത് 2661513 രൂപ മാത്രമാണ്. വിവിധ പദ്ധതികളിലായി ആകെ ചെലവ് ശതമാനം 28.6 ആണ്. പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ 6624800/- രൂപ ഓഡിറ്റ് വർഷം വിവിധ ഫണ്ടിനങ്ങളിൽ ലാപ്സായി. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

1-33 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം താഴെപ്പറയുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/ ഫണ്ടുകൾ വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | ഇനം | 31.3.2021 ലെ നീക്കിയിരിപ്പ് തുക | ലഭിച്ച വർഷം | സൂക്ഷിച്ച അക്കൗണ്ട് |
|---|---|---|---|---|
| 1 | ശുചിത്വമിഷൻ ഗ്രാന്റ് | 3058625 | 2018-19 | സർവീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് - തനത് ഫണ്ട് അക്കൗണ്ട് നമ്പർ - 148 |
| 2 | വിമുക്തി ഫണ്ട് | 40220/- | 2017-18 | സർവീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് - തനത് ഫണ്ട് അക്കൗണ്ട് നമ്പർ - 148 |

| | | | | |
|---|---|---|---|---|
| 3 | മാനസിക വൈകല്യമുള്ളവർക്കുള്ള ഫണ്ട് | 11290/- | 2014-15 | സർവീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് - തനത് ഫണ്ട് അക്കൗണ്ട് നമ്പർ - 148 |

മേൽ പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/ഫണ്ടുകൾ അവയുടെ വിനിയോഗ മാർഗ്ഗനിർദ്ദേശ പ്രകാരം വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്

## 1-34 റോഡ് മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ നിർമ്മിതിക്ക് വിനിയോഗിച്ചു

നിലവിലുള്ള റോഡുകളുടെ സംരക്ഷണത്തിനായി അനുവദിക്കപ്പെടുന്ന റോഡ് മെയിന്റനൻസ് ഗ്രാന്റ് ഓഡിറ്റ് വർഷത്തിൽ പുതിയ റോഡുകളുടെ നിർമ്മിതിക്ക് വിനിയോഗിച്ചിട്ടുണ്ട്. ഇത്തരത്തിൽ തുക വകമാറ്റി നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകൾക്കുള്ള ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം | പ്രൊജക്റ്റ് | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | 68/20-21 | മഞ്ഞാമ്പറത്ത് മുക്ക് കളത്തിൽമുക്ക് റോഡ് ടാറിംഗ് | 360000 | 354359 |
| 2 | 97/20-21 | കൊച്ചേന്റവിട മുക്ക് തയ്യുള്ളതിൽമുക്ക് റോഡ് ടാറിംഗ് | 500000 | 494469 |
| 3 | 106/20-21 | പുത്തൻ പുരയിൽ മുക്ക് ഹോമിയോമുക്ക് റോഡ് | 500000 | 466186 |

സംസ്ഥാന ബജറ്റിൽ നിലവിലെ റോഡുകളുടെ നവീകരണത്തിനായി അനുവദിച്ച തുക അക്കാര്യത്തിന് വിനിയോഗിക്കാതെ പുതിയ റോഡുകൾ നിർമ്മിക്കുന്നതിന് വിനിയോഗിച്ചത് ഫണ്ടിന്റെ വകമാറ്റവും അതുവഴി അപ്രോപ്രിയേഷൻ ആക്റ്റിന്റെ ലംഘനവുമാണ്. ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾക്കൊന്നും അറ്റകുറ്റപ്പണി നടത്താൻ അവശേഷിക്കുന്നില്ലെന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 28/11/12ലെ 68228/FM/11/2012/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം മേൽ ഗ്രാന്റ് ഉപയോഗിച്ച് പുതിയ റോഡുകൾ നിർമ്മിക്കാൻ 31.1.20ലെ 14/2020 നമ്പർ പ്രകാരം ഭരണസമിതി തീരുമാനിക്കുകയായിരുന്നു. എന്നാൽ ഇത്തരമൊരു ബോധ്യത്തിന് ആധാരമായ എഞ്ചിനീയറുടെ റിപ്പോർട്ടോ മറ്റെന്തെങ്കിലും രേഖകളോ ഇല്ലാതെയാണ് തീരുമാനം കൈക്കൊണ്ടതെന്ന് കാണുന്നു. 20.2.21ന് അസി.എഞ്ചിനീയർ പ്രസിഡന്റ്/സെക്രട്ടറിക്ക് അയച്ച കത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡുകളുടെ നവീകരണത്തിന് മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂവെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുവെന്നും ആയതിനാൽ ഈ ഗ്രാന്റ് ഉപയോഗിച്ച് നിർവ്വഹിക്കുന്നതിന് പൊട്ടിപ്പൊളിഞ്ഞ റോഡുകൾ ശുപാർശ ചെയ്യണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ തുടർ വർഷത്തിൽ നിരവധി റോഡുകൾ സ്കാരിഫൈയിംഗ് ഉൾപ്പടെയുള്ള ഇനങ്ങൾ ഉൾപ്പെടുത്തി നവീകരിച്ചു എന്നത് ഇവിടെ ശ്രദ്ധേയമാണ്. പൊട്ടിപ്പൊളിഞ്ഞ റോഡുകൾ നിലനില്ക്കെയാണ് മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകൾക്ക് വിനിയോഗിച്ചതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. മേൽ പശ്ചാത്തലത്തിൽ തുക വകമാറ്റിയതിനും നിയമലംഘനം നടത്തിയതിനും വിശദീകരണം നല്കേണ്ടതാണ്. കൂടാതെ വകമാറ്റിയ ആകെ ഗ്രാന്റ് തുക കണക്കാക്കി ,സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 31.05.2022 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ചു. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 184680 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 184680 | |
| | 2020-21 | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 350000 | |
| | 2020-21 | 50000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 50000 | |
| | 2020-21 | 450000 | പശുവിതരണം | 450000 | |
| | 2020-21 | 33000 | സുഫലം തൈ വിതരണം | 33000 | |
| | 2020-21 | 62400 | പച്ചക്കറി കൃഷിക്ക് | 62400 | |

| | | | | | |
|---|---|---|---|---|---|
| | | | കൂലിച്ചെലവ് | | |
| | 2020-21 | 90000 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 90000 | |
| | 2020-21 | 137500 | മുട്ടഗ്രാമം | 137500 | |
| ബ്ലോക്ക് പഞ്ചായത്ത് തൂണേരി | 2020-21 | 75000 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് | 75000 | |
| | 2020-21 | 150000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 150000 | |
| | 2020-21 | 301100 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 301100 | |
| | 2020-21 | 100000 | നിർദ്ധനനർക്ക് ജീവൻ രക്ഷാ ഉപകരണങ്ങൾ | 100000 | |
| | 2020-21 | 75000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 75000 | |
| | 2020-21 | 52000 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 52000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 100000 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പാറഭാഗം അംഗൻവാടി പൈപ്പ് ലൈൻ നീട്ടൽ (സ്റ്റീൽ | 1019/30.10.2020 | 100000/- | 100000/- | 0 |

| | | | | | |
|---|---|---|---|---|---|
| | ഓവർ) | | | | |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ കോട്ടൂർ അംഗൻവാടി | 1042/24.03.2021 | 180000/- | 180000/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 2018-19/ജി.ഒ (എം.എസ്) 68/2018/ തസ്വഭവ തി.18.05.2018 | - | 13024118/- | 1038785/- | | 11985333/- |

## 4-6. സ്ഥിരനിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | നാദാപുരം സഹകരണ ആശുപത്രി നം-2470 | 09.02.1997 | | 10000 | ഷെയർ സർട്ടിഫിക്കറ്റ് നം-312 |
| ആകെ | | | | 10000 | |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1248/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-14 | 1248/- | ശ്രീ.രതീഷ് ചന്ദ്രൻ അസി.എഞ്ചിനീയർ | 120010100136/19.06.2020 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 22,23 | 2003-04 | 11.13.7.11<br>116 | നികുതി പിരിവിൽ അലംഭാവം | പരാമർശം നിലനില്ക്കുന്നു. |
| 2000-01 | 23,24 | 2003-04 | 11.13.7.11<br>116 | നികുതി പിരിവിൽ | പരാമർശം നിലനില്ക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | അലംഭാവം | |
| 2000-01 | | 2004-05 | 11.13.7.11 38 116 | നികുതി പിരിവിൽ അലംഭാവം | പരാമർശം നിലനില്ക്കുന്നു. |
| | | 2015-16 (പ്രവർത്തന ക്ഷമത റിപ്പോർട്ട്) | 4.1.5 38 | നികുതി/ നികുതിയേതരം പൊരുത്ത പ്പെടാത്ത കണക്കുകൾ | പരാമർശം നിലനില്ക്കുന്നു. |
| 2001-02 | 2-1 | 2005-06 | 2.70.3.6 69 | ക്യാഷ് ബുക്ക്, വരവ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല | 2014-16(51) ഖ.5 പ്രകാരം ഒഴിവാക്കാൻ ശുപാർശ |
| 2001-02 | | 2005-06 | 2.70.1.14.5 80 | നികുതി പിരിവിൽ അലംഭാവം | 2014-16(51) ഖ.40 പ്രകാരം ഒഴിവാക്കാൻ ശുപാർശ |
| 2015-16 | 3-13 | 2016-17 | 6(എ)1.70 90 | ആശ്രയ വീടിന് സ്ഥലം | പരാമർശം നിലനില്ക്കുന്നു. |
| 2015-16 | 3-13 | 2016-17 | 6(എ) 2.4 91 | വീട് റിപ്പയർ | പരാമർശം നിലനില്ക്കുന്നു. |
| 2015-16 | 3-13 | 2016-17 | 6(എ).3.2 91 | കുടിവെള്ളം | പരാമർശം നിലനില്ക്കുന്നു. |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4-188 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനില്ക്കുന്നു. |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5.212 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനില്ക്കുന്നു. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4690016 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53485165 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 43750 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 43750 | ശ്രീമതി.രാജശ്രീ സി.എച്ച്<br>സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രാജശ്രീ.സി.എച്ച്, സെക്രട്ടറി | ശ്രീമതി.രാജശ്രീ സി.എച്ച് സെക്രട്ടറി ളുണേരി ഗ്രാമപഞ്ചായത്ത് | നിയതം, കോടഞ്ചേരി(പി.ഒ), പുറമേരി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ.എസ്.എ കെകെഡി പി5/1458 /2019(1) തി.17.11.2020 | 1 | 33 |
| 1999-00 | കെ.എസ്.എ കെകെഡി പി5/1458 /2019(2) തി.17.11.2020 | 3 | 35,39 |
| 2000-01 (ചെലവ്) | കെ.എസ്.എ കെകെഡി പി5/1458 /2019(4)തി.17.11.2020 | 1 | 3-4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/ പി5/23/13 തീ.10/06/2013 | 4 | 2-1,3-2,3-3, 3-4, |
| 2003-04 | കെ.എസ്.എ കെകെഡി പി5/1458 /2019(5)തി.17.11.2020 | 4 | 3-2, 3-3, 3-4, 3-5 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/ പി5/23/13 തീ.10/06/2013 | 11 | 1-5, 3-3, 3-4, 3-5, 3-6, 3-7, 3-8,3-9, 3-11, 3-12, 3-13 |
| 2005-06 | കെ.എസ്.എ കെകെഡി പി5/1458 /2019(6)തി.17.11.2020 | 5 | 3-1, 3-4, 3-6, 3-7, 3-9 |

| | | | |
|---|---|---|---|
| 2006-07 | കെ.എസ്.എ കെകെഡി പി5/1458 /2019(7)തി.17.11.2020 | 6 | 3-1, 3-2, 3-4, 3-6, 3-7, 3-8 |
| 2007-08 | കെ.എസ്.എ കെകെഡി പി5/1458 /2019(8)തി.17.11.2020 | 6 | 3-2(ഡി), ഇ, 3-3(എ), 3-6, 3-9(1)(2) |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി11/951/14 തീ.10/10/14 | 2 | 3-6,3-12 |
| 2010-11 & 2011-12 | കെ.എസ്.എ കെകെഡി പി5/1804 /2019(1) തി.17.11.2020 | 7 | 3-3, 3-5, 3-10, 3-13, 3-15, 3-16, 3-17 |
| 2012-13 & 2013-14 | കെ.എസ്.എ കെകെഡി പി5/1987 /2019(2) തി.17.11.2020 | 16 | 3-2, 3-3, 3-4, 3-7, 3-8, 3-10, 3-11, 3-12(1), 3-12(4), 3-13(2), 3-15, 3-16, 3-18, 3-19, 3-20,3-21 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/ പി5/1804 /2019(2) തി.17.11.2020 | 14 | 2(1,2),3-1, 3-4, 3-5, 3-6,3-7, 3-8, 3-3-11, 3-12, 3-17, 13-8, 3-19, 3-20, 3-21 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/ പി5/2019(3)തി.17/11/2020 | 11 | 2-1(2,4), 2-4,3-1, 3-2, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-13 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/ പി5/1804 /2019(4) തി.17/11/2020 | 13 | 2-1(1,4), 2-2, 2-5, 3-3, 3-4, 3-7, 3-9, 3-10,3-11(3),3-14, 3-15, 3-20 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി5/ 687/2020 തി.10/11/2020 | 11 | 1-12, 2-3, 2-4(4), 3-1(7), 3-2(1), 3-2(2,4), 3-5, 3-9, 3-13(2) |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി5/ 687/2020 തി.10/11/2020 | 40 | 1-1 മുതൽ 1-37 വരെ, 3-1, 3-2, 3-3 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി5 /515/2021 തി.20.03.2021 | 19 | 1-1 മുതൽ 1-19 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം ,കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്